
**(Monthly)** **Price- Rs. 4/-**



| മനുഷ്യൻ | ദൈവം |
| --- | --- |
| മൺമയൻ, ദൈവസാദൃശ്യമുള്ളവൻ | അരൂപിയും നിത്യനും |
| ദൈവസൃഷ്ടി | സൃഷ്ടി കർത്താവ് |
| മർത്യൻ | അമർത്യൻ |
| പരിമിതിയുള്ളവൻ | പരിമിതിയില്ലാത്തവൻ |
| ഭൗതികൻ എന്നാൽ ആത്മികമാകാൻ സൃഷ്ടിക്കപ്പെട്ടവൻ | ദിവ്യത്വമുള്ളവൻ |
| പാപത്തിനിരയാകുന്നവൻ | പരിശുദ്ധൻ |
| വികാരഗതിഭേദമുള്ളവൻ | വികാരത്താൽ മാറ്റമില്ലാത്തവൻ |
| ഒരു സമയത്ത് ഒരു സ്ഥലത്തു ജീവിക്കുന്നവൻ | സർവ്വവ്യാപി |
| ശരീരം താല്ക്കാലികമാണ് | ശരീരരഹിതൻ |
| ദൈവകല്പന വിശ്വസിച്ച് അനുസരിച്ചാൽ ജീവിതം ദൈവികമായി മാറും. ദൈവത്തിന്റെ അപ്രമേയജ്ഞാനത്താൽ അറിഞ്ഞു ദൈവത്തെ ഭയന്ന് കല്പനകൾ അനുസരിച്ചാൽ അവൻ ദൈവത്തോടു കൂടെ നിത്യനായി ജീവിക്കും | ന്യായകർത്താവ്<br>വിശ്വസ്തൻ<br>സത്യവാൻ<br>സ്നേഹവാൻ<br>രക്ഷകൻ |

# THE BIBLE TRUTH

Editors

P.K. VARGHESE — J.C. CHOATE

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 20 November 2006 No.8

## എഡിറ്റോറിയൽ

പ്രകൃതിക്ഷോഭങ്ങൾ, പകർച്ചവ്യാധികൾ എന്നിവ അടിക്കടി ലോകത്തിൽ പലഭാഗത്തും സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. നിരപ രാധികൾ പലരും അവയ്ക്കിരയാവുകയും ചെയ്യുന്നുണ്ട്. ഇതെല്ലാം കാണുമ്പോൾ ആളുകൾക്കുള്ളിൽ ചിന്താക്കുഴപ്പം ഉണ്ടാകുന്നുണ്ട്. ദൈവം ഇതെല്ലാം കാണുന്നില്ലേ? ദൈവത്തിന് അവ നിയന്ത്രിച്ച് ഒഴി വാക്കി കൂടെ എന്നെല്ലാം ആളുകൾ ചോദിക്കുകയും ചെയ്യാറുണ്ട്. വാസ്തവത്തിൽ നാം ഇതിന്റെ ഉറവിടത്തിലേക്കും കാരണത്തി ലേക്കും തിരിയണം. സത്യാവസ്ഥ മനസിലാക്കിയാൽ തെറ്റിദ്ധാരണ ഒഴിവാകും. പണ്ടും ഇങ്ങനെയൊക്കെ സംഭവിച്ചിട്ടുണ്ട്. പഴയ നിയമ കാലത്ത് യിസ്രായേൽ ജനം മിസ്രയിമിൽ അടിമകളായിരുന്നപ്പോൾ അവരുടെ കഷ്ടത നിമിത്തം അവർ ദൈവത്തോട് അപേക്ഷിക്കയും ദൈവം അവരെ വിടുവിക്കാൻ മോശെയെയും അഹരോനെയും അവിടേക്ക് അയച്ചു. മിസ്രയിം ഫറവോനോട് അവർ ദൈവജനത്തെ വിടുവിക്കാൻ ആവശ്യപ്പെട്ടു എങ്കിലും ഫറവോൻ കൂട്ടാക്കിയില്ല. അതുകൊണ്ട് സർവ്വശക്തനായ ദൈവത്തിന്റെ ശക്തി കാണിക്കയു ണ്ടായി. പത്തു ബാധകളെ അവർക്കിടയിൽ അയച്ചു. ദൈവത്തെ ധിക്കരിക്കുന്നവർ തിരിച്ചറിയുന്നതിനു ദൈവം ലക്ഷണങ്ങൾ കാണി ക്കും. പഴയ നിയമകാലത്ത് ഇത്തരം അടയാളങ്ങൾ യിസ്രായേൽ ജനം വളരെയധികം കണ്ടിട്ടുണ്ട്. പ്രപഞ്ചത്തെയും മനുഷ്യരെയും സൃഷ്ടിച്ച സൃഷ്ടികർത്താവിനെ അനുസരിക്കുവാൻ മനുഷ്യർ ബാദ്ധ്യസ്ഥരാണ്.

ദൈവത്തോടുള്ള ബന്ധം ആളുകൾ മനസിലാക്കി ജീവി

ക്കേണ്ടവരാണ്. അതിനുപകരം ആളുകൾ സ്വസ്നേഹികളും സ്വാർത്ഥമതികളും അമ്മയപ്പന്മാരെ ബഹുമാനിക്കാത്തവരുമാണ്. ഈ വക നിമിത്തം ദൈവകോപം അനുസരണം കെട്ടവരിൽ വരുന്നു. മനുഷ്യർ ദൈവത്തെ കോപിപ്പിക്കുമ്പോൾ ദൈവശിക്ഷ പ്രകടമാകും. അങ്ങനെ പ്രകൃതിക്ഷോഭത്താലോ പകർച്ചവ്യാധിയാലോ ദൈവം ഇടപെട്ടു പ്രവർത്തിക്കുമ്പോൾ ആളുകൾ വീണ്ടും ദൈവത്തെ പഴിക്കുകയല്ല വേണ്ടത്, പിന്നെയോ ആളുകൾ തങ്ങളുടെ തെറ്റുകൾ തിരുത്തുകയാണ് ചെയ്യേണ്ടത്. ദൈവത്തിന്റെ വചനം ശക്തിയുള്ളതാണ്. ആ വചനത്തിലെ കല്പനകൾ മനുഷ്യർ അനുസരിച്ചു ജീവിച്ചാൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയും. ലോകപ്രകാരം എല്ലാം വിവേചിക്കുകയാണ് അധികംപേരും ചെയ്യുന്നത്. കാരണം അവരുടെ അറിവ് ലൗകികമാണ്. പുതിയനിയമം ആത്മീയ നിയമമാണ്. യേശുക്രിസ്തു മനുഷ്യരെ പാപത്തിൽ നിന്നു വിടുവിക്കാനാണ് വന്നത്. ദൈവിക പദ്ധതി, ദൈവ സ്വഭാവം എന്നിവ ലോകത്തിനു വെളിപ്പെടുത്തിയതാണ്. സത്യദൈവത്തെ അറിയാതെ മനുഷ്യർ വിഗ്രഹങ്ങളെ സേവിക്കുന്നവർ നിരവധിയാണ്. അതു ദൈവത്തെ തുച്ഛീകരിക്കുന്നതും ദൈവം വിലക്കിയിരിക്കുന്നതും ആണ്. പക്ഷെ ആളുകൾ അതിനെയെല്ലാം ന്യായീകരിക്കയാണ് ചെയ്യുന്നത്. പക്ഷെ ദൈവത്തോട് പ്രത്യുത്തരം പറവാൻ നമുക്ക് ആർക്കും കഴിയുകയില്ല. ദൈവം അരുളിച്ചെയ്തതിനെ നാം അങ്ങനെ തന്നെ അനുസരിക്കുന്നതാണ് ഉത്തമം.

പുതിയ പുതിയ പേരുകളിൽ ഇന്നു രോഗങ്ങൾ അറിയപ്പെടുന്നുണ്ട്. രോഗങ്ങളും വ്യാധികളും വർദ്ധിച്ചു വന്നിരിക്കുന്നു. ചിക്കുൻഗുനി, ഡെങ്കിപ്പനി, എലിപ്പനി, പക്ഷിപ്പനി എന്നിങ്ങനെ നീണ്ടു പോകുന്നു ഇത്തരം രോഗങ്ങൾ. ഡോക്ടർമാർക്ക് രോഗനിർണ്ണയം പോലും അസാധ്യമായിരിക്കുന്നു. അതിന്റെപേരിൽ വിദഗ്ധരും രാഷ്ട്രീയക്കാരും തമ്മിൽ വാദവും തർക്കവും നടക്കുന്നു. ലൗകിക മനുഷ്യർ ഇതിനു കണ്ടെത്തുന്ന കാരണങ്ങൾ പലതാണ്. കുറെയൊക്കെ അവ രോഗം പരത്തുന്നവയാണ്. പക്ഷെ മുഖ്യകാരണത്തിലേക്കു അവർ കടക്കുന്നില്ല. നമ്മുടെ മനസ് നേർപാതയിൽ ചിന്തിക്കണം. അപ്പോൾ മാത്രമേ പ്രവർത്തികൾ ശരിയാകയുള്ളു. ശരീരത്തെയും ശരീരത്തിന്റെ ഇച്ഛയെയും ദൈവത്തിനായി ഉപയോഗിക്കാതെ വരുമ്പോൾ ശരീരം രോഗത്തിനടിമയാകും. ദൈവാത്മാവു വസിക്കുന്നതിനുവേണ്ടിയാണ് ശരീരത്തെ ദൈവം മെനഞ്ഞുണ്ടാക്കിയത്. ശരീ

ത്തേക്കാൾ ആത്മാവിനെയാണ് കണക്കാക്കേണ്ടത്. ആത്മാവിന്റെ വില ആളുകൾ ഗണ്യമാക്കാതെയാണ് ജീവിക്കുന്നത്. ഈ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ എന്തു പ്രയോജനം എന്നാണ് കർത്താവ് ചോദിച്ചത്. ദൈവ നിയമത്തെ ലംഘിക്കുവാനാണ് ആളുകൾക്കു താല്പര്യം. മനുഷ്യന്റെ പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ആളുകൾ ബദ്ധപ്പെടുന്നത്. ഇതിനു മാറ്റം വരുത്തണം. പക്ഷെ അതിനു ആളുകളുടെ അറിവു സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം. സകല മനുഷ്യരും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. പരിജ്ഞാനമില്ലാതെയായാൽ ആളുകൾ നഷ്ടപ്പെട്ടു പോകും.

ഈവിധം ദുരന്തങ്ങൾ ഒഴിവാക്കുവാൻ കഴിയും. പക്ഷെ നാം മനസ്സുവെക്കണം. അതിനു മനുഷ്യർ ദൈവത്തിൽ ആശ്രയിക്കണം. ഏതു സാഹചര്യവും ദൈവത്തിനു മാറ്റം വരുത്തുവാൻ കഴിയും. ദൈവത്തെ പ്രസാദിപ്പിക്കുവാൻ വിശ്വാസം വേണം. മനസ് ദൈവത്തിലേക്കു തിരിയണം. മനസ്സു പുതുക്കി രൂപാന്തരപ്പെടണം. ഇതുവരെ പൊയ്ക്കൊണ്ടിരിക്കുന്ന മാർഗ്ഗത്തെ വിട്ടുകളഞ്ഞു ദൈവ വഴിയിൽ സഞ്ചരിക്കണം. യേശു ദൈവപുത്രനാണെന്നു ഏറ്റുപറഞ്ഞു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്യണം. ഇതിനു പുറമെ ദൈവത്തെ വചനപ്രകാരം ആരാധിക്കയും വിശ്വസ്തമായി ക്രിസ്തീയ പരിശീലനം അവസാനത്തോളം നയിക്കുകയും വേണം. യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുവാൻ എല്ലാവരും തയ്യാറായാൽ അതു ദൈവത്തിനു പ്രസാദമായിരിക്കും. ദൈവകോപം ഒഴിവാകുകയും ചെയ്യും. ലോകമെങ്ങും വ്യാപിച്ചിരിക്കുന്ന കർത്താവിന്റെ സന്ദേശം ആളുകൾ സ്വീകരിക്കണം. ഈ സത്യം മനസിലാക്കുന്ന നിങ്ങൾ ദൈവവചനസത്യം അനുസരിക്കുവാൻ മനസു ദൈവത്തിൽ ഏല്പിക്കുമെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതു നീട്ടി വെക്കരുത് എന്നു ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. മരിക്കുന്നതിനു മുൻപ് നിങ്ങളുടെ ജീവിതം ക്രമീകരിക്കുക. കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു വിചാരിച്ചു രക്ഷിക്കപ്പെടുക.

✶

# അനുസരണത്തിന്റെ പ്രാധാന്യം

J.C.ചോട്ട്

അനുസരണക്കേട് നിറഞ്ഞ ലോകത്തിലാണ് നാം ജീവിക്കുന്നത്. വ്യക്തികളിൽ, കുടുംബങ്ങളിൽ, രാഷ്ട്രങ്ങളിൽ പൊതുവെ കാണപ്പെടുന്ന ഒരു പ്രതീതിയാണിത്. സ്ത്രീകളിലും പുരുഷന്മാരിലും ഇതു കാണാം. ഭൗതികമായും ആത്മിയമായും ഉണ്ട്. പ്രത്യേകിച്ച് ദൈവവുമായ ബന്ധത്തിൽ നോക്കിയാൽ അക്ഷരാർത്ഥത്തിൽ ശരിയാണെന്നു ബോധ്യമാകും. മനുഷ്യർ മനുഷ്യരോടുള്ള ബന്ധത്തിലും അനുസരണക്കേടാണ് ഉന്തി നില്ക്കുന്നത്. അന്യോന്യമുള്ള ബന്ധത്തിൽ അനാദരവു പ്രകടമാക്കുന്നതാണ് മത്സരം അഥവാ മറുതലിപ്പ്. അതു സമൂഹത്തിൽ അക്രമവും കഷ്ടതയും വളർത്തുന്നു. ദൈവികമായി ചിന്തിക്കേണ്ട മനുഷ്യർ ഭൗമികമായി ചിന്തിച്ചാൽ അവരുടെ പ്രവൃത്തികൾ ദൈവത്തെ ധിക്കരിക്കുന്നതാവും.

വാസ്തവത്തിൽ ഇതു കൂടുതൽ മനസിലാക്കുവാൻ കഴിയുന്നതു മാതാപിതാക്കൾ ആയവർക്കാണ്. അപ്പന്റെയും അമ്മയുടെയും കടമകളിൽ പെടുന്നതാണ് മക്കളെ അച്ചടക്കത്തിൽ വളർത്തേണ്ടതും, അപ്പനെയും അമ്മയെയും അനുസരിക്കേണ്ടതും, രാഷ്ട്രത്തെ നിയമം അനുസരിക്കേണ്ടതും, എല്ലാറ്റിലുമുപരി ദൈവത്തെ അനുസരിക്കേണ്ടതും പഠിപ്പിക്കണം. അവരുടെ ജീവിതത്തിൽ പ്രഥമ സ്ഥാനം ദൈവത്തിനു നല്കുവാനും അവരെ പഠിപ്പിക്കണം. നമ്മിൽ വലിയൊരു ശതമാനം ആളുകൾ ഇങ്ങനെ ചെയ്തിരുന്നെങ്കിൽ ഇന്നു സമൂഹത്തിൽ കാണുന്ന അനിഷ്ടസംഭവങ്ങൾ ഉണ്ടാകുമായിരുന്നില്ല. നാം വിതെക്കുന്നതാണ് കൊയ്യുന്നത്. നാം സത്യവും നീതിയും നമ്മുടെ മക്കളിൽ കാണുവാൻ യത്നിക്കണം. അവരെ തെറ്റു ചെയ്യുവാൻ പഠിപ്പിച്ചിട്ടു അവരിൽ നിന്നു നാം ശരി പ്രതീക്ഷിക്കരുത്. ഞാൻ പരാജയപ്പെട്ടാൽ എന്റെ കുടുംബം പരാജയപ്പെട്ടു എന്നർത്ഥം, മറ്റുള്ളവരും പരാജയപ്പെടും. നാം മാതൃകയാവണം. അനുഭവസ്ഥരായ മാതാപിതാക്കൾ കാണിച്ചുകൊടുക്കുന്ന പാതയാണ് മക്കൾ സ്വീകരിക്കുന്നത്.

കുട്ടികളായിരിക്കുമ്പോൾ അവരെ പഠിപ്പിക്കാം. പക്വത എത്തിയാൽ പിന്നെ നേരെയാക്കാം എന്നു വിചാരിച്ചാൽ നടക്കുകയില്ല. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, വൃദ്ധനാ

യാലും അവൻ അതു വിട്ടുമാറുകയില്ല" (സദൃശ്യവാക്യങ്ങൾ 22:6). "മക്കളേ നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ. നിനക്കു നന്മയുണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തത്തോടുകൂടിയ ആദ്യകല്പനയാകുന്നു" (എഫെസ്യർ 6:1-3). ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങട്ടെ. ദൈവത്താലല്ലാതെ ഒരധികാരവും ഇല്ലല്ലോ; ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു മറുക്കുന്നവൻ ദൈവവ്യവസ്ഥയോടു മറുക്കുന്നു. മറുക്കുന്നവരോ ശിക്ഷാവിധി പ്രാപിക്കും. വാഴുന്നവർ സൽപ്രവൃത്തിക്കല്ല, ദുഷ്പ്രവൃത്തിക്കത്രേ ഭയങ്കരം. അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ ഇച്ഛിക്കുന്നുവോ? നന്മ ചെയ്ക; എന്നാൽ അവനോടു പുകഴ്ച്ച ലഭിക്കും. നിന്റെ നന്മെക്കായല്ലോ അവൻ ദൈവശുശ്രൂഷക്കാരനായിരിക്കുന്നത്. നീ തിന്മ ചെയ്താലോ ഭയപ്പെടുക. വെറുതെ അല്ല അവൻ വാൾ വഹിക്കുന്നത്. അവൻ ദോഷം പ്രവർത്തിക്കുന്നവന്റെ ശിക്ഷെക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻ തന്നെ. അതുകൊണ്ടു ശിക്ഷയെ വിചാരിച്ചു മാത്രമല്ല, മനസ്സാക്ഷിയെയും വിചാരിച്ചു കീഴടങ്ങുക ആവശ്യം (റോമാ ലേഖനം 13:1-5).

ആരായാലും ശരി, നാം മറ്റുള്ളവർക്കു കീഴ്പ്പെട്ടിരിക്കണം എന്നു പറയുമ്പോൾ, മാതാപിതാക്കൾ ആയാലും, ഉദ്യോഗസ്ഥരായാലും, അദ്ധ്യാപകരായാലും, വിദ്യാർത്ഥികളായാലും സ്ഥിരീകരിക്കപ്പെട്ട അധികാരസ്ഥാനങ്ങളെ നാം ബഹുമാനിക്കണം. അതുകൊണ്ടാണ് നികുതി കൊടുക്കേണ്ടവനു നാം നികുതി കൊടുക്കണം. അതേസമയം ദൈവത്തിനുള്ളത്, ദൈവത്തിന്. ആ തത്വമാണ് കർത്താവു നമ്മെ പഠിപ്പിച്ചിരിക്കുന്നത്. ദൈവവുമായുള്ള ബന്ധത്തിൽ നാം സൃഷ്ടികർത്താവെന്ന നിലയിൽ ദൈവത്തിന്റെ പരമാധികാരത്തെ നാം മാനിക്കണം. മതപരമായി ഇന്നു സകല അധികാരവും ക്രിസ്തുവിനാണുള്ളത്. അതുകൊണ്ട് നാം ഇന്നു കർത്താവിനെ സകലത്തിലും അനുസരിക്കണം. നാം അവന്റെ ചട്ടങ്ങൾക്കെതിരായി ജീവിച്ചാൽ അതിന്റെ അനന്തരഫലം നാം അനുഭവിക്കും. നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് നമ്മെക്കാൾ അവനു നന്നായി അറിയാം എന്നതു നാം മറക്കരുത്. തെറ്റായതോ മോശമായതോ ഒന്നും ചെയ്വാൻ കർത്താവ് നമ്മോടു പറയുകയില്ല. അതുകൊണ്ട്

നാം അവൻ പറയുന്നതു കേൾക്കുകയും അങ്ങനെ തന്നെ അനുസരിക്കുകയും വേണം.

നിരവധി വേദഭാഗങ്ങളിൽ അനുസരണത്തിന്റെ പ്രാധാന്യത്തെ ഊന്നി പറഞ്ഞിട്ടുണ്ട്. ദൈവേഷ്ടത്തെ മാനിക്കുന്നതാണ് അനുസരണം. "കർത്താവേ, കർത്താവേ എന്നു വിളിക്കുന്ന ഏവനുമല്ല, സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്" (മത്തായി 7:21). വെറും വാക്കുകളോ വെറും വിശ്വാസമോ ഒരു പ്രയോജനവും ചെയ്യുകയില്ല. കർത്താവു പിന്നെയും തുടർന്നു പറയുന്നു, "ആകയാൽ എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു. അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല. എന്റെ ഈ വചനങ്ങളെ കേട്ടു ചെയ്യാത്തവൻ ഒക്കെയും മണലിന്മേൽ വീടു പണിത മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലെച്ചു, അതു വീണു, അതിന്റെ വീഴ്ച്ച വലിയതായിരുന്നു" (മത്തായി 7:24-27). കർത്താവു ചോദിക്കുന്നതു ശ്രദ്ധിക്കുക, "നിങ്ങൾ എന്നെ കർത്താവേ, കർത്താവേ എന്നു വിളിക്കയും, ഞാൻ പറയുന്നതു ചെയ്യാതിരിക്കയും ചെയ്യുന്നതെന്ത്?" (ലൂക്കൊസ് 6:46).

യാക്കൊബു പറയുന്നു, "വചനം കേട്ടു നിങ്ങളെത്തന്നെ ചതിക്കാതെ അതു ചെയ്യുന്നവരായിരിപ്പിൻ" (യാക്കൊബ് 1:22). "സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും" (യാക്കൊബ് 1:25). ദൈവപുത്രനായിരുന്ന യേശു അനുസരണം പഠിച്ച് തികഞ്ഞവനായി തന്നെ അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനായി തീർന്നു (എബ്രായർ 5:8-9): ദൈവം തന്നെ അനുസരിക്കുന്നവർക്കാണ് പരിശുദ്ധാത്മാവ് നല്കുന്നത് (പ്രവൃത്തികൾ 5:32). നമ്മെ നിത്യമരണത്തിൽ നിന്നു മോചിപ്പാൻ കഴിയുന്ന കർത്താവു നമ്മെ രക്ഷിക്കാൻ സന്നദ്ധനാണ്. പക്ഷെ രക്ഷിക്കപ്പെടുവാനുള്ള അവന്റെ കല്പനകളെ നാം തള്ളിക്കളയരുത്.

സകല മനുഷ്യരുടേയും മരണം നീങ്ങുവാനായിരുന്നു യേശു മരിച്ചത്. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ

രക്ഷിക്കപ്പെടും, വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:16). മാനസാന്തരം രക്ഷക്കു വേണ്ടിയുള്ള കല്പന യാണ്. അതായതു നാം നശിച്ചുപോകാതിരിപ്പാൻ (ലൂക്കൊസ് 13:3). ദൈവപുത്രനായ ക്രിസ്തുവിനെ അധരം കൊണ്ട് ഏറ്റുപറയുകയും വേണം (മത്തായി 10:32). പ്രവൃത്തികളുടെ പുസ്തകം മുഴുവൻ നാം പരിശോധിച്ചാൽ രക്ഷിക്കപ്പെടുന്നവരുടെ ധാരാളം ഉദാഹരണങ്ങൾ കാണാം. പാപമോചനത്തിനായി പാപികൾ വെള്ളത്തിൽ മുങ്ങൽസ്നാനമേറ്റിരുന്നതായി കാണാം. രക്ഷിക്കപ്പെടുന്നവരെ കർത്താവു ദിനമ്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു. പാപ ത്തിൽ നിന്നു സ്വാതന്ത്ര്യം ലഭിക്കുന്നതു കർത്താവിന്റെ ഈ ഉപ ദേശരൂപം അനുസരിക്കുമ്പോഴാണ്. അതു ഹൃദയപൂർവ്വം വേണം അനുസരിക്കുവാൻ (റോമർ 6:17, 18). ദൈവത്തെ അനുസരിക്കേ ണ്ടതു ഒരു ചടങ്ങായിട്ടോ അടയാളമായിട്ടോ ആകരുത്. മറിച്ചു ഓരോ രുത്തരുടേയും ഹൃദയത്തിൽ തോന്നിയിട്ടാകണം.

മനഃപൂർവ്വം ദൈവത്തിന്റെ രക്ഷയെ മനസിലാക്കാതിരിക്കു ന്നവർ ഉണ്ട്. ബൈബിൾ സത്യം പഠിപ്പിക്കുന്നതു കേൾക്കാതിരി ക്കുന്നവർ ഉണ്ട്. കേട്ടു കഴിഞ്ഞാൽ വിശ്വസിക്കേണ്ടി വരും, വിശ്വ സിച്ചു കഴിഞ്ഞാൽ അനുസരിക്കേണ്ടി വരും. അതുകൊണ്ട് അവ യെല്ലാം അവഗണിച്ചു കളയും. ഇത്തരം ആളുകൾക്കും കർത്താ വിന്റെ വചനം തള്ളിക്കളയുന്നവർക്കും എന്തു സംഭവിക്കും? ദൈവ പുത്രനെ അനുസരിക്കുന്നവർക്കു നിത്യജീവൻ ഉണ്ട്. അനുസരി ക്കാത്തവർ ജീവനെ കാണുകയില്ല (യോഹന്നാൻ 3:36). ക്രിസ്തു വിന്റെ വചനത്തെ തള്ളിക്കളയുന്നവരെ അന്ത്യനാളിൽ ഇതേ വചനം തന്നെ അവരെ ന്യായം വിധിക്കും എന്നു കർത്താവു പറഞ്ഞിരി ക്കുന്നു (യോഹന്നാൻ 12:48). ദൈവത്തെ അനുസരിക്കാത്തവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം അനു സരിക്കാത്തവർക്കും ദൈവത്തിന്റെ സന്നിധാനം വിട്ടകന്നു നിത്യ ശിക്ഷാവിധിയാണു അനുഭവിക്കേണ്ടി വരിക (2 തെസ്സലൊനിക്യർ 1:6–9). നിത്യവും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്കു തള്ളപ്പെ ടുന്നതു ദൈവത്തെ അനുസരിക്കാതിരിക്കുന്നവരെയാണ്. ദൈവ ത്തിന്റെ ശക്തമായ വചനം ജീവിതത്തെ മാറ്റുന്നതാണ്. ഹൃദയങ്ങളെ ശുദ്ധീകരിക്കുവാൻ കർത്താവിന്റെ വചനം അനുസരിക്കുക തന്നെ വേണം. അതിനു പകരമായി മറ്റൊന്നില്ല. നിങ്ങൾ ക്രിസ്തുവിന്റെ

വചനം അനുസരിച്ചിട്ടില്ലെങ്കിൽ ഉടനെ അനുസരിക്കുക. കാരണം മരണം എപ്പോഴും സംഭവിക്കാം. മരിക്കുന്നതിനു മുൻപ് ആത്മാവിനെ ദൈവകരങ്ങളിൽ ഏല്പിക്കുക.

★

സ്ത്രീകൾക്കു വേണ്ടി

## പ്രിയ വധു

ബെറ്റി ബർട്ടൺ ചോട്ട്

ക്രിസ്ത്യാനികളായിത്തീർന്ന നാം ലോകത്തിനുള്ളവരല്ലെങ്കിലും, ലോകത്തിലാണ് നാം ജീവിക്കുന്നത്. ചിലപ്പോൾ നാം ഭൗതികമായി ചിന്തിക്കുന്നതുകൊണ്ട് കാര്യങ്ങൾ ശരിയായി ഗ്രഹിക്കാൻ പ്രയാസം നേരിടുന്നു. പ്രത്യേകിച്ച് സഭയെ നാം ലോകപ്രകാരം കാണുവാൻ പ്രേരിതമാകുന്നു. ദൈവപദ്ധതിപ്രകാരം കർത്താവ് പറഞ്ഞതായ സഭയെ നാം അതേരീതിയിൽ കാണണം. മറിച്ചൊരു രീതിയിലും കാണുവാൻ പാടില്ല.

## ലോകദൃഷ്ടിയിൽ

ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ സഭ അപ്രധാനവും ഒരിക്കലും വലുതായി അറിയപ്പെടാത്തതും ആകുന്നു. ദൈവജനമെന്ന് ലോകപ്രകാരം അറിയപ്പെടുന്നവരുടെ ദൃഷ്ടിയിൽ സഭ ഒരു ചെറിയ കൂട്ടമാണ്. എന്തുകൊണ്ടാണ് സഭയെ ലോകം ഇങ്ങനെ വിവേചിക്കുന്നതു എന്നു കാണാം. ലോകം അംഗബലത്തിലും കായികശേഷിയിലും ആണ് മതിപ്പു കണക്കാക്കുന്നത്. എന്നാൽ സഭയിൽ അതുകൊണ്ട് ഒരു അപകർഷതാബോധം വളർന്നുവരുന്നതു ഖേദകരമാണ്. അങ്ങനെ തോന്നുവാൻ കാരണം നാം ലോകത്തെ ശ്രവിക്കുന്നതുകൊണ്ടാണ്.

തന്റെ സഭ വലിയതോ പ്രസിദ്ധമോ ആകുകയില്ല എന്നു ദൈവത്തിനറിയാമായിരുന്നു. ഏകവഴി കണ്ടെത്തുന്നവർ ചുരുക്കമായിരിക്കും എന്ന് യേശു മത്തായി 7:13,14-ൽ പറയുകയുണ്ടായി. അവന്റെ വചനം കൂടുതലായി നമുക്ക് അറിയാമെങ്കിൽ, അവന്റെ സഭയെ മറ്റു മതവിഭാഗങ്ങളുമായി താരതമ്യം ചെയ്തു ചെറുതാ

ണെന്നു പറയുകയില്ല. ദൈവം മുൻകൂട്ടിത്തന്നെ പറഞ്ഞിരിക്കുന്നതു വിളിക്കപ്പെടുന്നവർ അനേകർ, തിരഞ്ഞെടുക്കപ്പെടുന്നവരോ ചുരുക്കം എന്നാണ്. അതായതു ക്രിസ്ത്യാനിത്വം ന്യൂനപക്ഷം ആയിരിക്കും എന്നർത്ഥം.

ചിലപ്പോൾ ക്രിസ്ത്യാനികൾ, പ്രത്യേകിച്ച് മിഷണറി പ്രവർത്തനം നടത്തുന്ന മേഖലയിൽ വളരെ കുറച്ചു ആളുകൾ മാത്രം കാണപ്പെടുകയും, നിലനില്ക്കാൻ തന്നെ വിഷമിക്കയും ചെയ്യുമ്പോൾ അവരുടെ പ്രവർത്തനം നേട്ടത്തെക്കാൾ കോട്ടമായി അവർ കരുതുന്നു. അവർ വിചാരിക്കുന്നതു മറ്റു ഇടവകകളിൽ ഉള്ള സൗകര്യങ്ങളും കെട്ടിടങ്ങളും നല്ല ഉപദേഷ്ടാവും ഉണ്ടെങ്കിൽ ഇവിടെയും നൂറുകണക്കിനു ആളുകൾ ഉണ്ടാവും എന്നാണ്. പക്ഷെ അതു ലോകപ്രകാരമുള്ള കാഴ്ച്ചപ്പാടാണ്. ചെറിയ ഇടവകയിൽ ഉള്ള അംഗങ്ങൾ സജീവമായി ഉപദേശിക്കയും പഠിപ്പിക്കയും ചെയ്യുന്നവരായിരിക്കും. ഒരു വലിയ ഇടവകയിൽ ലഭിക്കാത്ത പരിശീലനവും വ്യക്തിബന്ധങ്ങളും ചെറിയ ഇടവകയിൽ ലഭിക്കുന്നു എന്നതാണ് വാസ്തവം.

ചെറിയ കൂട്ടമായി വിഷമിക്കുന്നുവെങ്കിലും അവിടെ പ്രതിനിധികൾ ഉണ്ടല്ലോ എന്നോർക്കണം. ലോകത്തിൽ ആയിരക്കണക്കിനു പട്ടണങ്ങളിൽ - വലിയ പട്ടണങ്ങളിൽ പോലും-ഒരൊറ്റ ക്രിസ്ത്യാനി പോലും ഇല്ലാത്ത സ്ഥലങ്ങൾ ഉണ്ട്. ചെറിയ കൂട്ടമാണെങ്കിലും അവിടെ ദൈവത്തെ ആരാധിക്കുവാൻ കഴിയുക, കൂട്ടായ്മയിൽ നിന്നു ശക്തി സംഭരിക്കുക എന്നതു വലിയ മാഹാത്മ്യം തന്നെയാണ്. അതുകൊണ്ട് നമ്മെ കുറച്ചിലോടെ കാണാതെ ഉള്ളതിൽ സന്തോഷിക്കുകയാണ് വേണ്ടത്. നമുക്കു ലഭിച്ചിരിക്കുന്ന ഈ ആത്മിയതക്കു നാം നന്ദിയുള്ളവരാകുക! നാം നമ്മെ ഉറപ്പുള്ളവരായി കാണണം. മറ്റുള്ളവരെ ആശ്രയിച്ചല്ല ഞാൻ എന്റെ ക്രിസ്തീയ ജീവിതം തുടരേണ്ടത്; ഒരു പട്ടണത്തിൽ ഞാൻ മാത്രമാണെങ്കിലും ഒരാൾ ഉണ്ടല്ലോ. എനിക്ക് വിശ്വസ്തമായി ദൈവത്തെ ആരാധിക്കാം. മറ്റുള്ളവർ ഉണ്ടെങ്കിൽ നല്ല കാര്യം! നമുക്ക് അന്യോന്യം ശക്തി സംഭരിക്കാം. എന്നാൽ അംഗസംഖ്യയെക്കുറിച്ചു വേവലാതിപ്പെടാതെ, അതു നമ്മെ നിരുത്സാഹപ്പെടാതെ നോക്കണം.

ലോകത്തിന്റെ കാഴ്ച്ചപ്പാടിൽ സഭ ഇടുങ്ങിയ-മനസുള്ളവരാണ്, മറ്റുള്ളവരുടെ ഇഷ്ടങ്ങളെ കണക്കിലെടുക്കാത്തവരാണ്. ചില

പ്പോൾ ബൈബിളിൽ നിന്നകന്നു പോയവരെ പഠിപ്പിക്കുവാൻ തുടങ്ങുമ്പോൾ ചിലർ നമ്മെ തെറ്റിദ്ധരിപ്പിക്കാറുണ്ട്. ദൈവം തന്റെ പദ്ധതി ബഹുഭൂരിപക്ഷത്തെ നോക്കി തയ്യാറാക്കിയതല്ല. ദൈവം മനുഷ്യർക്കു ഒരുക്കിയിരിക്കുന്ന വഴി ഇടുങ്ങിയതും ഞെരുങ്ങിയതും ആണ്. അതുകൊണ്ട് അതിൽകൂടെ നടക്കുവാൻ ആളുകൾക്കു വിഷമമാണ്. അതുകൊണ്ട് എവിടെയെങ്കിലും ഒരിടവകയിൽ ആളുകൾ കുറവാണ് എന്ന കാര്യത്തിൽ നിങ്ങൾ തളരേണ്ട കാര്യമില്ല, വാസ്തവമായും എല്ലാവരും ദൈവത്തെ അനുസരിക്കുകയില്ല എന്ന് ദൈവത്തിനറിയാം. അതേസമയം ആരും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടവുമല്ല. തന്റെ നിർദ്ദേശങ്ങൾക്ക് കീഴ്പ്പെട്ടിരിക്കുന്നവരെ മാത്രമേ ദൈവം നോക്കുന്നുള്ളു. ദൈവേഷ്ടം അനുസരിക്കുവാനുള്ള മനസ്സുള്ളവർ, അതാണ് ദൈവം പ്രതീക്ഷിക്കുന്ന ശതമാനം.

ലോകം ക്രിസ്ത്യാനികളെ പ്രത്യേക രീതിയിൽ, രണ്ടാം തരം പൗരന്മാർ എന്ന നിലയിൽ താഴ്ന്നവരായിട്ടാണ് കാണുന്നത്. തന്റെ അനുയായികൾ സൗമ്യതയുള്ളവർ ആയിരിക്കും എന്നു കർത്താവു പറഞ്ഞു (മത്തായി 5:5). എന്നാൽ തങ്ങളെത്തന്നെ ഉയർത്തി, സമൂഹത്തിൽ വലിയവർ എന്നു നടിക്കുന്നവർ ഉയർന്ന-മനസുള്ളവരാണ്, ദൈവത്തോടു താഴുവാൻ മനസില്ലാത്തവരുമാണ് (1 കൊരിന്ത്യർ2:26).

വീണ്ടും ലോകം, ക്രിസ്ത്യാനികളെ പരാജിതരും ബുദ്ധിശൂന്യരും എന്നാണ് പൊതുവിൽ വിലയിരുത്തുന്നതു. കാരണം അവർ അധികം സ്വത്തു സമ്പാദിക്കുന്നവർ അല്ല. എന്നാൽ വിജയത്തിനുള്ള വഴി ആവശ്യപ്പെടുന്നത് ഒരു വ്യക്തിക്കു ഒരു ലക്ഷ്യമുണ്ടാകയും അതിനായി പ്രവർത്തിക്കയും ചെയ്യുമ്പോഴാണ്. ആ ഉന്നം ജീവിതത്തിൽ പ്രാധാന്യമുള്ളതാണ്. ലൗകികമായ നേട്ടമാണ് ലോകത്തിന്റെ ലക്ഷ്യം എങ്കിൽ ക്രിസ്ത്യാനികളുടെ ലക്ഷ്യം ദൈവത്തെയും ദൈവനീതിയെയും അന്വേഷിക്കുക എന്നതാണ്. ക്രിസ്ത്യാനി ശരിയായി വിനിയോഗിക്കുന്നതുകൊണ്ട് അവൻ ഒരു പക്ഷെ സാമ്പത്തികമായും അനുഗ്രഹിക്കപ്പെട്ടേക്കാം. പക്ഷെ അതായിരിക്കയില്ല അവന്റെ ലക്ഷ്യം. അയാൾ തന്റെ സമ്പാദ്യം ദൈവവേലക്കായി ഉപയോഗിക്കുന്നതു കൊണ്ട് കൂട്ടിവെക്കുന്നില്ല.

നാം ലോകത്തെ സ്നേഹിക്കരുത് എന്നു യോഹന്നാന്റെ ലേഖനത്തിൽ വിലക്കിയിട്ടുണ്ട്. ലോകത്തെയും ലോകത്തിലുള്ളതിനെയും നാം സ്നേഹിക്കരുത്. ജഡമോഹം, കൺമോഹം, ജീവന

ത്തിന്റെ പ്രതാപം എന്നിവയാണ് ആളുകളെ തെറ്റിക്കുന്നത്. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും കാരണം ആകുന്നു. ധനവാൻ ആകുവാൻ ആഗ്രഹിക്കുന്ന ആൾ കെണിയിലും ചതിയിലും അകപ്പെടും. അതുകൊണ്ട് ക്രിസ്ത്യാനികൾ അതിൽ ശ്രദ്ധിക്കുന്നില്ല. പ്രാകൃതത്തിൽ നിന്നു ആത്മിയതയിലേക്കു ഉയർത്തപ്പെടുന്നവർ തങ്ങളുടെ ചിന്ത ഭൗതികമായവയിൽ നിന്നു മാറ്റും. ലോകത്തിന്റെ നേട്ടമോ വിജയമോ അല്ല ഒരു ക്രിസ്ത്യാനി തിരഞ്ഞെടുക്കുന്നത്, ദൈവത്തിനു പ്രസാദകരമായവയാണ്.

## ചരിത്രദൃഷ്ടികളിലൂടെ

ചരിത്രം നോക്കിയാൽ സഭയെക്കുറിച്ചുള്ള ലോകത്തിന്റെ അഭിപ്രായം ഒരിക്കലും നന്നായിരുന്നില്ല. പ്രവൃത്തികൾ 8:2 നോക്കിയാൽ ശൗലും മറ്റു യെഹൂദമതസ്ഥരും ചേർന്നു ക്രിസ്ത്യാനികളെ വലിച്ചിഴച്ചു ഉപദ്രവിക്കയും മുടിക്കയും ചെയ്തു പോന്നതായി കാണാം. സത്യമാർഗ്ഗത്തെക്കുറിച്ചു ആളുകൾ മോശമായിട്ടേ സംസാരിച്ചിരുന്നുള്ളു- 2 പത്രൊസ് 2:2. സഭയെക്കുറിച്ച് ആരംഭം മുതൽ ആളുകൾ മോശമായിട്ടല്ലാതെ പറഞ്ഞിട്ടില്ല.

നാം ദൈവത്തിന്റെ നാമവും കർത്താവിന്റെ നാമവും എടുത്തിരിക്കുന്നവരാണ്. ദൈവ നാമം വിലയുള്ളതാണ്. നമ്മെ വിളിച്ചിരിക്കുന്ന നാമം ക്രിസ്തുവിന്റെ നാമത്തോടു ചേർത്തുള്ള നാമം വളരെ ശ്രേഷ്ഠമായ ഒന്നാണ്. പക്ഷെ ആളുകൾ അന്നും ഇന്നും ദുഷിച്ചു പറഞ്ഞിട്ടുണ്ട്. ക്രിസ്ത്യാനി എന്ന നാമം ധരിച്ചിട്ട് നാം ഒരിക്കലും ലജ്ജിക്കരുത്. ആ നാമം ധരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയത്രെ വേണ്ടത് (1 പത്രൊസ് 4:13-16).

അതുകൊണ്ട് ആളുകളുടെ മനോഭാവത്തിനു മാറ്റം വന്നിട്ടില്ല. സഭയെക്കുറിച്ചു ലോകത്തിന്റെ ചിന്താഗതി അന്നും ഇന്നും ഒരുപോലെയാണ്. ക്രിസ്ത്യാനികൾ, ഇടുങ്ങിയവർ, തരം താഴ്ന്നവർ, ന്യൂനപക്ഷം, ലജ്ജിക്കപ്പെടുന്നവർ എന്നെല്ലാമാണ്. പക്ഷെ നാം ലോകത്തിന്റെ അഭിപ്രായത്തെ എടുക്കേണ്ടവരല്ല, നാം ദൈവസ്വഭാവത്തിനു അനുരൂപരാകേണ്ടവരാണ് (2 പത്രൊസ് 1:4). നാം ക്രിസ്തുവിനെ പോലെ ചിന്തിക്കണം. ദൈവം നമ്മെ എങ്ങനെ കാണുവാൻ ആഗ്രഹിക്കുന്നു എന്നാണ് നോക്കേണ്ടത്. ലോകത്തിന്റെ അറിവു

ദൈവിക കാര്യങ്ങളിൽ പരിമിതമാണ്. നാം ദൈവത്തെയും അവന്റെ വചനത്തെയും മാത്രം ശ്രദ്ധിക്കുക. അതു മാത്രം അനുസരിക്കുക. നമുക്ക് ദൈവത്തിലുള്ള വിശ്വാസം പതറി പോകരുത്. പിശാച് നമ്മെ തളർത്തരുത്.

★

## നഷ്ടപ്പെടുക എന്നാൽ

ഡേവിഡ് തർമാൻ

നമ്മിൽ പലരും വഴി തെറ്റിപ്പോയിട്ടുണ്ടാകും. നമ്മുടെ ചിലർ കാണാതെ പോയിട്ടുണ്ടാകും. ഒരു ഒഴിവുകാലത്തു ഞാനും എന്റെ ഭാര്യയും ഒരു കാർ വാടകക്ക് എടുത്ത് ഒരു ഭൂപടവുമായി വടക്കു പടിഞ്ഞാറായി സഞ്ചരിക്കുന്നതിനു പകരം ഞങ്ങൾ തെക്കു പടി ഞ്ഞാറായി സഞ്ചരിച്ചു. ഓരോ റോഡും ഹൈവേ പോലെ തോന്നി ക്കും. കുറെ ദൂരം ചെന്നിട്ടും ദൂരം വലുതായി കുറയുന്നില്ല. ഞങ്ങൾ തിരിഞ്ഞപ്പോൾ ഒരു തിരിവു മാറിപ്പോയി. അങ്ങനെ ഞങ്ങൾ വഴി തെറ്റി എന്നു മനസ്സിലായപ്പോൾ വീണ്ടും ഞങ്ങൾക്കു അത്രയും ദൂരം പുറകോട്ട് സഞ്ചരിക്കേണ്ടിവന്നു. സമയനഷ്ടം, ഊർജ്ജന ഷ്ടം, ധനനഷ്ടം: അങ്ങനെ വഴി തെറ്റിപ്പോകുന്നവരുടെ വിഷമം എനിക്ക് മനസ്സിലായി. അതുകൊണ്ട് ആരെയെങ്കിലും നേർവഴി പറഞ്ഞു കൊടുക്കുവാൻ അവസരം കിട്ടിയാൽ അതു പാഴാക്കാറില്ല. ആത്മിയമായി വഴി തെറ്റി സഞ്ചരിക്കുന്നവർ അനവധിയാണ്. സത്യ വഴി അറിയാവുന്നവർ അവരെ ശരിയായ വഴി കാണിച്ചു കൊടു പ്പാൻ തയ്യാറാവണം.

## ആത്മിയമായി എല്ലാവരും നഷ്ടപ്പെട്ടവരാണ്

"ഒരു വ്യത്യാസവും ഇല്ല സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് നഷ്ടപ്പെട്ടവരായി" (റോമർ 3:23). നാമെല്ലാവരും യഥാർത്ഥത്തിൽ നഷ്ടപ്പെട്ട അനുഭവത്തിലൂടെ കടന്നു പോയവ രാണെന്ന് അറിയുമ്പോൾ ഒരുപക്ഷെ നാം നിരുത്സാഹപ്പെടും. സ്വർഗ്ഗ ത്തിലേക്കു പോകുന്ന ഏകവഴി വിട്ടു വഴി മാറി സഞ്ചരിക്കുന്നവരാ യിരുന്നു നാം ഒരിക്കൽ. ദൈവത്തിൽ നിന്നകന്നുപോയാൽ പിന്നെ നാം മുടിയനായ പുത്രനെപ്പോലെ ആകും. താന്തോന്നിയായി ജീവി

ക്കും. അങ്ങനെ നാം കഷ്ടതയിലാകും. നമ്മുടെ അകൃത്യങ്ങളാണ് നമ്മെയും ദൈവത്തെയും തമ്മിൽ അകറ്റിയത്. വഴി തെറ്റിയാൽ നാം അലയേണ്ടിവരും. ദൈവം വിടുവിച്ചുകൊണ്ടുവന്ന യിസ്രായേൽ ജനം ദൈവത്തെ അനുസരിക്കാതെ വഴിമാറി സഞ്ചരിച്ചപ്പോൾ അവർക്കു മരുഭൂമിയിൽ അലഞ്ഞു തിരിയേണ്ടിവന്നു. അതു എല്ലാവർക്കും ബാധകമാണ്.

മനുഷ്യനു തന്റെ കാലടികളെയും വഴികളെയും നേരെയാക്കുവാൻ സാധ്യമല്ല (യിരെമ്യാവ് 10:23). കാരണം ഒരിക്കൽ നാം സാത്താനു കീഴ്പ്പെട്ടുപോയാൽ നാം അവനു അടിമയായിത്തീരുന്നു. പിന്നെ അവന്റെ വലയിൽ നിന്നു മോചിതരാകുവാൻ നമ്മളാൽ സാധ്യമല്ല. അങ്ങനെ നാം ദൈവത്തോട് അപേക്ഷിക്കുന്നു. അപ്പോൾ നമ്മെ വിടുവിക്കേണ്ടതിനു ഏതെങ്കിലും ദൈവദാസനെ അയക്കുന്നു. സത്യം അറിയുവാൻ അവസരം ഒരുക്കുന്നു. യേശുക്രിസ്തു പന്ത്രണ്ടു ശിഷ്യന്മാരെ പഠിപ്പിച്ച് പരിശീലിപ്പിച്ചത് ഈ ഉദ്ദേശത്തോടെയാണ്. അവർ ലോകമെങ്ങും പോയി ഈ സ്വാതന്ത്ര്യസന്ദേശം അറിയിച്ചു. സത്യസുവിശേഷമല്ലാതെ പിശാചിന്റെ വലയെ ഭേദിപ്പാൻ മറ്റൊന്നില്ല.

## എന്റെ ലക്ഷ്യം തെറ്റിയിരുന്നു.

ദൈവഭയവും ദൈവഭക്തിയും ആണ് അടിസ്ഥാനപരമായി നമുക്കു വേണ്ടത്. ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നത് "ദൈവത്തെ ഭയന്നു ദൈവകല്പന അനുസരിക്കുകയാണ് സകല മനുഷ്യർക്കും വേണ്ടുന്നത്" (സഭാപ്രസംഗി 12:13). ദൈവം നിങ്ങളേയും എന്നെയും സൃഷ്ടിച്ചതിനു ഒരു ഉദ്ദേശമുണ്ട്. എല്ലാ മനുഷ്യരിലും ആ ഉദ്ദേശം ഒന്നു തന്നെയാണ്. നാം അറിയാതെ ഈ ഭൂമിയിൽ വന്നു. ഇവിടെ നിന്നു പോകുന്നതും നമ്മുടെ അറിവ് കൂടാതെയാണ്. അതിനിടയിൽ നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശം മനസിലാക്കണം. സൃഷ്ടിതാവായ ദൈവത്തെ മഹത്വപ്പെടുത്തണം. എന്റെ ജീവിതത്തിന്റെ ഏകലക്ഷ്യം അതാണ്. പക്ഷെ ഇതിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന ഘടകങ്ങൾ ഈ ലോകത്തിൽ പലതുണ്ട്. നമ്മെ ആകർഷിക്കുന്നതും വശീകരിക്കുന്നതുമായ കാര്യങ്ങളെ നാം വിവേചിച്ച് മനസിലാക്കണം. പാപം നാം തിരഞ്ഞെടുക്കുന്നതാണ്. അതാ

യതു ദൈവത്തെ അറിഞ്ഞു അവന്റെ കല്പനകളെ അനുസരിക്കുന്നതു വിട്ടുകളയുന്നത് ഭൂരിഭാഗം പേരും ഒരു ശീലമാക്കിയിരിക്കുന്നു. അതാണ് വഴി തെറ്റുക, നഷ്ടപ്പെടുക എന്നാൽ.

വഴി തെറ്റി എന്നു മനസിലാകുമ്പോൾ ഒരാൾക്കു നിരാശയും ദു:ഖവും ഉണ്ടാവും. കാരണം താൻ തന്റെ ഉദ്യമത്തിൽ പരാജിതനായി. വിജയമാണ് എല്ലാവരുടേയും ഉന്നം. പക്ഷെ വഴി തെറ്റുന്നതോടെ ലക്ഷ്യവും തെറ്റും. ലക്ഷ്യസ്ഥാനത്ത് എത്തുകയില്ല എന്നു വരുമ്പോഴാണ് നമുക്ക് ലജ്ജ തോന്നുന്നത്. പാപം മനുഷ്യനെ ലജ്ജിപ്പിക്കും. നഷ്ടം നികത്തുവാനോ പരിഹരിക്കുവാനോ നാം എത്ര കിണഞ്ഞു പരിശ്രമിച്ചാലും അതെല്ലാം വൃഥാവായിത്തീരും. "ഭൂതലത്തിൽ ഒക്കെയും കൂടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു കാലങ്ങളും അതിരുകളും നിശ്ചയിച്ചു. അവർ ദൈവത്തെ തപ്പിനോക്കി. കണ്ടെത്തുമോ എന്നുവെച്ചു അവനെ അന്വേഷിക്കേണ്ടതിനു തന്നെ. അവൻ നമ്മിൽ ആർക്കും അകന്നിരിക്കുന്നവനല്ല താനും. അവനിലല്ലൊ നാം ജീവിക്കയും ചരിക്കുകയും ഇരിക്കുകയും ചെയ്യുന്നത്. അങ്ങനെ നിങ്ങളുടെ കവിവരന്മാരിലും ചിലർ 'നാം ദൈവത്തിന്റെ സന്താനമല്ലൊ' എന്നു പറഞ്ഞിരിക്കുന്നു." (പ്രവൃത്തികൾ 17:26–28). ദൈവം നമ്മെ സൃഷ്ടിച്ചപ്പോൾ നമ്മുടെ ജീവിതം, ഭൂമിയിലെ നമ്മുടെ ആയുസ്, ഭാവി ഇവയെല്ലാം തന്നെ നിജപ്പെടുത്തിയിരിക്കുന്നു. നമ്മുടെ നന്മക്കായി എല്ലാം ഒരുക്കിത്തന്ന ദൈവം തന്റെ മനസിലെ ഉദ്ദേശവും വെളിപ്പെടുത്താതെയിരുന്നില്ല. ദൈവത്തെ അറിഞ്ഞു ദൈവത്തെ സ്നേഹിക്കുന്നതിൽ നിന്നു നമ്മെ പിന്തിരിപ്പിക്കുന്നതു പിശാചിന്റെ അദൃശ്യമായ പ്രേരണയാണ്.

നാം ദൈവത്തെ ഉപേക്ഷിക്കുമ്പോൾ ദൈവം നമ്മെയും ഉപേക്ഷിക്കും. വിനാശകാലേ വിപരീതബുദ്ധി എന്നു പറയുന്നതു പോലെ നമ്മുടെ ബുദ്ധി ശരിയായി പ്രവർത്തിക്കാതെ വരുന്നതു അതുകൊണ്ടാണ്. അജ്ഞതയിലും അന്ധതയിലും നീങ്ങിക്കൊണ്ടിരിക്കയാണ് മനുഷ്യരിൽ അധികവും. ലൗകികമായ കാര്യങ്ങളിൽ തൃപ്തിയും സന്തോഷവും കണ്ടെത്താൻ ശ്രമിക്കയാണ്. അതിനായി ആളുകൾ ധനസമ്പാദനം ലക്ഷ്യമാക്കുന്നു. പണം കിട്ടിയാൽ അതുകൊണ്ട് അവരുടെ മനസിനു ഇണങ്ങുന്നതെല്ലാം വാങ്ങി ഉപയോ

ഗിക്കുന്നു. ശരീരത്തിന്റെ ഇഛകൾ നിറവേറ്റാൻ വിഹിതമല്ലാത്ത പ്രവൃത്തികൾ ചെയ്യുന്നു. ശാരീരികസുഖഭോഗങ്ങളിൽ തൃപ്തി കണ്ടെത്തുന്നവരുണ്ട്. ഇതെല്ലാം താല്ക്കാലികമാണെന്ന കാര്യം അവർ മറന്നു കളയുന്നു. മനുഷ്യന്റെ ഏതൊരു ആവശ്യത്തിനും ദൈവം നിയമത്തിൽ അതിനു വഴി ഒരുക്കിയിട്ടുണ്ട്.

മദ്യപാനം, ചീട്ടുകളി, വെറിക്കൂത്ത് എന്നിവ ശീലമാക്കിയിരിക്കുന്നവരുണ്ട്. ഇവയെല്ലാം ദൈവിക ഉദ്ദേശത്തിൽ നിന്നു നമ്മെ അകറ്റുന്നതാണ്. നമുക്കു ലഭിച്ചിരിക്കുന്ന സമയം വിലപ്പെട്ടതാണ്. നമുക്കു നിറവേറ്റുവാൻ ധാരാളം കാര്യങ്ങൾ ഉണ്ട്. ജീവിതം അന്വർത്ഥമാകുന്നത്, നമ്മുടെ പ്രയത്നങ്ങൾ നില നില്ക്കുമ്പോഴാണ്. നിലനില്ക്കുന്ന നിയമം നാം തിരിച്ചറിയണം. ജീവിതത്തിന്റെ യഥാർത്ഥ ഉദ്ദേശം നഷ്ടപ്പെട്ടിരിക്കുന്നതു തിരിച്ചറിഞ്ഞു അതു നിറവേറ്റുവാൻ തയ്യാറാവണം. അതിനു ഉറച്ച തീരുമാനം എടുക്കണം. ദൈവത്തിൽ നിന്നകന്നു ആർക്കും ജീവിതത്തിന്റെ യഥാർത്ഥമൂല്യം കണ്ടെത്താൻ കഴിയുകയില്ല.

## നഷ്ടപ്പെടുമ്പോൾ നിരാശയും നിരുത്സാഹവും ഫലം

പലരും ഇന്നു നിരാശയിലും, വിരക്തിയിലും ആണ്. ജീവിതത്തോടു തന്നെ വെറുപ്പു തോന്നി അവസാനം ജീവൻ ഒടുക്കുന്നവരും ഉണ്ട്. എനിക്കു സന്തോഷം ആവശ്യമാണ്. പക്ഷെ അതിനു ചെയ്യുന്നതെല്ലാം നിഷ്ഫലമാകുന്നു. എനിക്കു സമാധാനം വേണം. പക്ഷെ അതിനു വേണ്ടി ചെയ്യുന്നതെല്ലാം പാഴാകുന്നു. അതാണ് ആളുകൾ മനസിലാക്കേണ്ടത്. ശരിയായ ദിശയിലേക്കു സഞ്ചരിക്കുവാൻ നമുക്കു ദിശാബോധം വേണം. നഷ്ടപ്പെട്ടാൽ സുബോധം നഷ്ടമാകും. ഭൗതികമായും ആത്മികമായും അതു വാസ്തവമാണ്. ദൈവത്തെ അറിയുക എന്നാൽ ദൈവവഴി അറിയുക എന്നാണ്. സത്യവഴിയിൽ കൂടെ സഞ്ചരിച്ചാലാണ് യഥാർത്ഥ ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നത്.

നാം പാപത്തിനു നമ്മെ വിറ്റുകളഞ്ഞാൽ നമുക്കു നമ്മിൽ നിയന്ത്രണം നടത്തുവാൻ കഴിയാത്ത വിധത്തിൽ നാം അതിനു അടിമയാകുന്നു. പിന്നീട് നമ്മുടെ പ്രവൃത്തികളെല്ലാം യാന്ത്രികമായി മറ്റൊരു ദിശയിൽ മാത്രം ചലിക്കുന്നു. അപ്പൊസ്തലനായ പൗലൊസ് പറയു

ന്നു, "ഞാൻ പ്രവർത്തിക്കുന്നതു ഞാൻ അറിയുന്നില്ല, ഞാൻ ഇച്ഛിക്കുന്നതിനെ അല്ല പകെക്കുന്നതിനെയത്രെ ചെയ്യുന്നത്" "എന്നിൽ എന്നു വെച്ചാൽ എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്നു ഞാൻ അറിയുന്നു, നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട്, പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്‌വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ, ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നത്" (റോമർ 7:15,18,19).

പൗലൊസ് ക്രിസ്ത്യാനിയാകുന്നതിനു മുൻപു അവന്റെ ജീവിതം തുറന്നു കാണിക്കുകയാണ്. ആത്മിയമായി അവൻ നാശത്തിന്റെ പടുകുഴിയിലേക്കിറങ്ങുകയായിരുന്നു. അവൻ നന്മയാണെന്നു വിചാരിച്ചതെല്ലാം തിന്മയായിരുന്നു. നല്ലതു ചെയ്യണമെന്ന ആഗ്രഹവും തിന്മ ചെയ്യരുതെന്ന ചിന്തയും അവനിൽ ഉണ്ടായിരുന്നു. പക്ഷെ ചെയ്തുകൂട്ടിയതെല്ലാം തിന്മയായിപ്പോയി. ദൈവത്തെ സേവിക്കുന്നു എന്ന ധാരണയിൽ അവൻ ചെയ്തതു ദൈവത്തെ ഉപദ്രവിക്കലായിരുന്നു, യെഹൂദമതത്തിൽ ഏറ്റവും എരിവോടെ ക്രിസ്ത്യാനികൾക്കെതിരായി പ്രവർത്തിച്ചു. ഒടുവിൽ അവന്റെ വഴി തെറ്റിയപോക്കു അവനെ ധരിപ്പിച്ചു. അവന്റെ തീരുമാനങ്ങളും പ്രവർത്തികളും കർത്താവിനെ ഉപദ്രവിക്കുന്നതായിരുന്നു എന്ന് അവനെ ബോധ്യപ്പെടുത്തി. അനന്യാസ് എന്ന സുവിശേഷകൻ അവനെ കാര്യങ്ങൾ ഗ്രഹിപ്പിച്ചു. ഉടനെ പാപമോചനത്തിനായി എന്തുചെയ്യണമെന്ന ദൈവിക നിർദ്ദേശം അവൻ പാലിച്ചു. അവൻ പോകേണ്ട വഴിയും ദൈവം അവനിൽ നിന്നു പ്രതീക്ഷിക്കുന്ന ഉദ്ദേശവും അവൻ തിരിച്ചറിഞ്ഞു.

സ്ത്രീകളായാലും പുരുഷന്മാരായാലും നാം എല്ലാം ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ പൗലൊസിനെ പോലെ ആയിരുന്നു. നാം ദൈവത്തെ സേവിക്കേണ്ടവരായിരുന്നു. പക്ഷെ അതിനുപകരം നാം പല വിധത്തിൽ അകന്നു സേവനം നടത്തിക്കൊണ്ടിരുന്നു. ദൈവം നമ്മിൽ നിന്നു പ്രതീക്ഷിച്ചിരുന്നതു നന്മയായിരുന്നു. പക്ഷെ നാം ചെയ്തതു തിന്മയായിരുന്നു. നഷ്ടപ്പെട്ടുപോയ ഓരോരുത്തർക്കും കർത്താവു ഒരു വഴി ഒരുക്കി. സ്വർഗ്ഗത്തിലേക്കു പോകുവാൻ കർത്താവു മുഖാന്തരമല്ലാതെ സാധ്യമല്ല. നമ്മുടെ ലക്ഷ്യം തകർന്ന വ്യതിചലിക്കൽ ഒഴിവാക്കുവാൻ ഈ ഭൂമിയിലെ ജീവിതത്തിൽ തന്നെ നാം തയ്യാറാകണം. നാശത്തിലേക്കുള്ള വഴി വീതിയും വിശാലവുമാണ്. അതിൽകൂടെ പോകുന്നവർ അന

വധിയാണ്. എന്നാൽ ജീവങ്കലേക്കു പോകുന്ന വാതിൽ ഇടുക്കവും ഞെരുക്കവും ഉള്ളതാണ്. അതുകണ്ടെത്തുന്നവർ ചുരുക്കമായിരിക്കും (മത്തായി 7:13, 14).

നാം ഓരോ വർഷവും പുതിയ തീരുമാനങ്ങൾ എടുക്കും. ജീവിതം നന്നാക്കുവാനായി ഏറ്റവും നല്ല കാര്യങ്ങൾ മനസിൽ ഉറപ്പിക്കും. പക്ഷെ ക്രമേണ നാം അതെല്ലാം മറക്കും. നാം ജീവിതത്തിൽ ഒരുപാട് പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അവയുടെ പരിഹാരത്തിനായും നാം പല രീതിയിൽ ശ്രമിക്കും. പരീക്ഷണങ്ങളുടെ മദ്ധ്യേ നാം തളർന്നു പോകും. ആദിമ മനുഷ്യരായ ആദാമിനും ഹവ്വക്കും പറ്റിയ പിഴവ് അതായിരുന്നു. ജീവിതത്തിന്റെ പ്രതാപം അവരെ ദൈവത്തെ പോലെ ആക്കുമെന്ന തെറ്റായ വാഗ്ദാനത്തിൽ അവർ വീണുപോയി. ദൈവ വാഗ്ദാനത്തെക്കാൾ മനുഷ്യർ പിശാചിന്റെ വാഗ്ദാനത്തെ വിശ്വസിക്കുന്നു. അതുകൊണ്ടാണ് ആളുകൾ വീണ്ടും വീണ്ടും തെറ്റുകളിൽ വീഴുന്നത്. അവരുടെ മനസിനെ സാത്താൻ വശത്താക്കിയിരിക്കയാണ്. മനുഷ്യർ നേരിടുന്ന വെല്ലുവിളികളെ അവർക്കു അതിജീവിക്കാൻ പറ്റുന്നില്ല.

## ദുരഭിമാനമാണ് തെറ്റിക്കുന്ന മറ്റൊന്ന്

ഭൂരിഭാഗം പേരും ചെയ്യുന്നതു ചെയ്യുവാൻ മടിക്കാത്ത ആളുകളുണ്ട്. മറ്റുള്ളവരെല്ലാം മദ്യപിക്കുന്നുണ്ടല്ലൊ, അതുകൊണ്ടു ഞാനും മദ്യപിക്കുന്നു. മറ്റുള്ളവരെല്ലാം കൈക്കൂലി വാങ്ങിക്കുന്നു, അതുകൊണ്ട് ഞാൻ മാത്രം വാങ്ങാതിരുന്നാൽ എന്താ പ്രയോജനം എന്നു ചിന്തിക്കുന്നു. സമൂഹത്തിൽ അംഗീകാരം വേണമെങ്കിൽ പണം വേണം. അതിനു എന്തു ചെയ്താലും കുഴപ്പമില്ല എന്ന മനോഭാവക്കാരുണ്ട്. എന്തായാലും തെറ്റു തിരുത്തുവാൻ ദുരഭിമാനം സമ്മതിക്കാതിരിക്കുന്നവർ ധാരാളമുണ്ട്. മറ്റുള്ളവരോട് ക്ഷമിക്കാതിരിക്കുന്നതു ദുരഭിമാനമാണ്. ദുരഭിമാനം കൊണ്ട് ആർക്കും ഒന്നും നേടാവുന്നതല്ല. യേശു പറഞ്ഞു: "എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ നിഷേധിച്ചു നാൾ തോറും തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും" (ലൂക്കൊസ് 9:23, 24).

## നമ്മുടെ ദൈവം എന്നുമെന്നേക്കും ഉള്ളവൻ

ചാൾസ് ബോക്സ്

ദൈവത്തെക്കുറിച്ചുള്ള അറിവു എല്ലാവർക്കും ഇല്ല. പക്ഷെ ദൈവം തന്നെക്കുറിച്ചു വെളിപ്പെടുത്താതെ ഇരുന്നിട്ടില്ല. തന്റെ പുസ്തകത്തിൽ അവൻ അതു അരുളിച്ചെയ്തിട്ടുണ്ട്. മനുഷ്യർ അതു വായിച്ചറിയണം. ദൈവശ്വാസിയമായി തന്റെ ദാസന്മാരിൽ കൂടെ രേഖപ്പെടുത്തിയ സത്യം നാം പരിശോധിച്ച് കണ്ടെത്തണം. സങ്കീർത്ത നക്കാരൻ പറയുന്നതു "ഈ ദൈവം എന്നുമെന്നേക്കും നമ്മുടെ ദൈവം ആകുന്നു. അവൻ നമ്മെ ജീവപര്യന്തം വഴി നടത്തും" (സങ്കീർത്തനങ്ങൾ 48:14). ഓരോ വ്യക്തിക്കും രക്ഷിക്കുന്ന പരി ജ്ഞാനം ആവശ്യമാണ്. കാരണം ദൈവം നമ്മുടെ രക്ഷിതാവാണ്. അജ്ഞാത ദൈവത്തെ ശരിയായി സ്നേഹിക്കുവാനോ, ആശ്രയി ക്കാനോ, സേവിക്കുവാനോ ആരാധിപ്പാനോ സാധ്യമല്ല. നമുക്കു ദൈവവുമായുള്ള ബന്ധത്തിന്റെ അടിസ്ഥാനം വിശ്വാസമാണ്. "ദൈവത്തിന്റെ അടു ക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വ സിക്കേണ്ടതല്ലയോ?" (എബ്രായർ 11:6).

നീ അവനോടിണങ്ങി സമാധാനമായിരിക്ക; അതിനാൽ നിനക്കു നന്മ വരും. അവന്റെ വായിൽ നിന്നു ഉപദേശം കൈ ക്കൊൾക, അവന്റെ വചനങ്ങളെ നിന്റെ ഹൃദയത്തിൽ സംഗ്രഹിക്ക (ഇയ്യോബ് 22:21, 22). സത്യദൈവം വ്യക്തിത്വമുള്ളവനാകുന്നു: അവൻ മനുഷ്യർക്കു കോട്ടയും സങ്കേതവുമാകുന്നു. അവൻ തന്റെ നിയ മത്തെ എന്നേക്കും ഓർക്കും. താൻ കല്പിച്ച വചനത്തെ ആയിരം തലമുറയോളം ഓർക്കുന്നു (സങ്കീർത്തനങ്ങൾ 105:8).

ദൈവം സ്വയംഭൂവായവനത്രെ. സ്വയം ജീവനായി, ജീവൻ കൊടുപ്പാനും എടുപ്പാനും കഴിവുള്ളവനാണ്. അവന്നു ആരെയും ആശ്രയിക്കേണ്ട ആവശ്യമില്ല. പിതാവായ ദൈവത്തിനു തന്നിൽ തന്നെ ജീവനുള്ളതുപോലെ പുത്രനും തന്നിൽ തന്നെ ജീവൻ ഉണ്ട് (യോഹന്നാൻ 5:26). ദൈവം സൃഷ്ടാവല്ല, സൃഷ്ടികർത്താവാണ് (ഉല്പത്തി 1:31). അവന്നു ആരംഭവും അവസാനവുമില്ല. അവൻ "ഞാനാകുന്നവൻ ഞാനാകുന്നു" എന്നാണ് യഹോവ അറിയപ്പെട്ടത് (പുറപ്പാട് 3:14). ക്രിസ്തുവും പുതിയ നിയമത്തിൽ ഞാനാകുന്നവൻ എന്ന് അവനെ വിശ്വസിക്കുവാനാണ് പറഞ്ഞിരിക്കുന്നത്.

ദൈവം നിത്യനാണ്. സങ്കീർത്തനപുസ്തകത്തിൽ പറയുന്നത് "യഹോവ എന്നേക്കും വാഴുന്നു എന്നാണ്" (സങ്കീർത്തനങ്ങൾ 9:7). ദൈവം ഹൃദയങ്ങളെ എന്നേക്കും ഭരിക്കുവാൻ ആഗ്രഹിക്കുന്നു. അതിനു നാം നമ്മുടെ ഹൃദയങ്ങൾ ദൈവത്തിനു ഭരമേല്പിക്കണം. അല്ലാതെ നിർബന്ധമായി അവൻ ഭരിക്കയില്ല. ദൈവം നമ്മുടെ നിത്യനായ പിതാവാകയാൽ അവൻ നമ്മെ നിത്യമായി രക്ഷിക്കയും ചെയ്യും. യേശുക്രിസ്തു നിത്യരക്ഷയുടെ കാരണഭൂതനായി. കാരണം അവനു മാത്രമെ ദൈവപ്രസാദയാഗം കഴിക്കാൻ കഴിഞ്ഞുള്ളു.

ദൈവം സർവ്വജ്ഞാനിയാണ്. എല്ലാം അറിയുന്നവൻ എന്നർത്ഥം. സ്വർഗ്ഗത്തിലും ഭൂമിയിലും നിറഞ്ഞു നില്ക്കുന്ന ദൈവം നമ്മുടെ ഹൃദയ വിചാരങ്ങളേയും അറിയുന്നവനാണ്. ദൈവത്തെ മറച്ചു ആർക്കും ഒന്നും ചെയ്‌വാൻ സാധ്യമല്ല. സർവ്വവും അവൻ കാണുന്നു. ദൈവത്തിന്റെ പ്രവൃത്തികൾ അപ്രമേയം ആകുന്നു. അവൻ അഗാധവും ഗൂഢവുമായതു അറിയുന്നു, വെളിപ്പെടുത്തുന്നു. അവൻ ഇരുട്ടിൽ ഉള്ളതു അറിയുന്നു. വെളിച്ചം അവനോടു കൂടെ വസിക്കുന്നു (ദാനിയേൽ 2:22). മനുഷ്യർക്കു അസാധ്യമായ പല കാര്യങ്ങൾ ഉണ്ട്. പക്ഷെ ദൈവത്തിനു അസാധ്യമായതു ഒന്നുമില്ല (മത്തായി 19:26). ദൈവത്തിനു എല്ലാം ചെയ്യുവാൻ കഴിയും. ഈ പ്രപഞ്ചത്തെ ഒന്നുമില്ലായ്മയിൽ നിന്നു രൂപപ്പെടുത്തി. മനുഷ്യരെ പൊടികൊണ്ട് രൂപപ്പെടുത്തി. അങ്ങനെയുള്ള ദൈവത്തിന്റെ ശക്തിയെയൊ, അറിവിനെയോ, കാഴ്ച്ചയെയോ നാം ഒരിക്കലും പരിമിതപ്പെടുത്തരുത്.

## ദൈവം മാറ്റമില്ലാത്തവനാണ്

ദൈവത്തിനു മാറുവാൻ കഴിയുന്നതല്ല. സ്ഥിരമായ സ്വഭാവവിശേഷതയാണ് ദൈവത്തിനുള്ളത്. മനുഷ്യർ വികാരത്തിനനുസരിച്ച് മാറും. പക്ഷെ ദൈവം അങ്ങനെയല്ല. അവന്നു വികാരത്താലുള്ള ഗതിഭേദമൊന്നുമില്ല. അവന്റെ നിയമം എന്നേക്കും ഇരിക്കുന്നതുപോലെ അവന്റെ സ്വഭാവവും എപ്പോഴും ഒരേ പോലെ ഇരിക്കും. "യഹോവയായ ഞാൻ മാറാത്തവൻ, അതുകൊണ്ട് യാക്കൊബിൻ പുത്രന്മാരെ നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു" (മലാഖി 3:6). ദൈവത്തിന്റെ സത്യത്തിനോ, നീതിക്കോ, ന്യായത്തിനോ മാറ്റമില്ല. ദൈവം ദൈവം ആകുന്നതു ഇത്തരം സവിശേഷതയാലാണ്.

ദൈവത്തിന്റെ മനോഗുണങ്ങൾ പരിശോധിച്ചാൽ നാം എത്ര ഭാഗ്യവാന്മാരാണെന്നു മനസിലാകും. എന്നെപ്പോലെ മറ്റൊരു ദൈവമില്ല എന്നും ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത് എന്നും ദൈവം അരുളിച്ചെയ്തിരിക്കുന്നു.

നമ്മുടെ ഭൗതിക കാഴ്ച്ചക്കപ്പുറം അദൃശ്യനായ ദൈവം തന്റെ ശക്തിയുള്ള വചനത്താൽ ഈ പ്രപഞ്ചവ്യൂഹത്തെയും അതിലുള്ള എല്ലാറ്റിനെയും വഹിക്കുന്നു. ദൈവം സംസാരിച്ചതു തന്റെ പുത്രൻ മുഖാന്തരമാണ്. അതു വെളിപ്പെടുത്തിയിരിക്കുന്നതു ദൈവശ്വാസിയമായ സത്യവേദപുസ്തകത്തിലുമാണ്. മനുഷ്യർ അവനെ വിവിധ രീതികളിൽ തപ്പി നോക്കിക്കൊണ്ടിരിക്കയാണ്. പക്ഷെ അവൻ നമുക്കാർക്കും അകലെയല്ല താനും. ദൈവത്തെ ആളുകൾ പരിജ്ഞാനത്തിൽ ധരിപ്പാൻ തയ്യാറാകാതെ ഭൗതികരൂപത്തിലും ഭാവത്തിലും ദൈവത്തെ സങ്കല്പിക്കുകയാണ്. അതാണ് വിഗ്രഹങ്ങൾ ഉണ്ടാക്കി അവ ദൈവമാണെന്നു വരുത്തി തീർക്കുന്നത്. ഇതു ദൈവത്തെ വേദനിപ്പിക്കുന്നതാണ്. ലൗകികമായതെല്ലാം നശിച്ചുപോകുന്നതാണ്. പക്ഷെ ദൈവം അനശ്വരനാണ്. ജീവിക്കുന്ന ദൈവത്തിനു മാത്രമേ നമ്മിൽ ജീവൻ നിലനിർത്താൻ കഴിയു. ജീവിക്കുന്ന ദൈവത്തിനു മാത്രമേ നമ്മിൽ പ്രവർത്തിക്കാൻ കഴിയു. വിഗ്രഹത്തിനു സ്പർശന ശേഷിയോ, ചലന ശേഷിയോ, പ്രവർത്തന ശേഷിയോ ഇല്ല. പക്ഷെ സത്യ ദൈവം നമ്മോടു മനസ്സലിവു കാണിക്കുന്നവനും നമ്മെ സഹായിക്കുവാൻ സന്നദ്ധനുമാണ്.

ജീവനുള്ള ദൈവത്തെ മനുഷ്യർ ത്യജിച്ചു കളയുന്നതു അവിശ്വാസം അവരുടെ ഹൃദയങ്ങളിൽ കടന്നു കൂടുന്നതുകൊണ്ടാണ്. പുരാതന കാലം മുതൽ ദൈവത്തിന്റെ സ്നേഹം നിമിത്തം അവൻ തന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിക്കാതെ തെറ്റി നടന്നവരോടു മടങ്ങിവരുവാൻ തന്റെ ദാസന്മാരിൽ കൂടെ അരുളിച്ചെയ്തിരുന്നു. എന്നാൽ മനുഷ്യർ അധികവും ദൈവത്തിന്റെ വാക്കുകൾ ചെവിക്കൊണ്ടില്ല. അവർ ദൈവത്തോടു മത്സരിച്ചുകൊണ്ടിരിക്കുന്നു. അവർ ദൈവത്തിന്റെ അനുഗ്രഹം കൈപ്പറ്റുന്നതിനു പകരം ശാപം വാങ്ങുന്നവരായിരിക്കുന്നു. മനുഷ്യർ അവരുടെ വാക്കുകളാലും സ്വഭാവത്താലും ജീവിതത്താലും ദൈവത്തെ മുഷിപ്പിക്കുന്നു. നമുക്കെല്ലാവർക്കും ഒരു പിതാവല്ലോ ഉള്ളത്, നമ്മെ എല്ലാവരെയും

സൃഷ്ടിച്ചതു ഏകദൈവമാണ്. പക്ഷെ അവന്റെ സന്താനങ്ങളായ മനുഷ്യർ പല ദൈവങ്ങൾ ഉണ്ടെന്ന വ്യാജേന പല വിശ്വാസത്തിലും പല ആചാരങ്ങളിലും ആണ് ജീവിക്കുന്നത്. മതങ്ങളും ജാതിവ്യവസ്ഥകളും ഉണ്ടാക്കി മനുഷ്യരെ തമ്മിൽ അകറ്റുകയാണ് ചെയ്യുന്നത്.

അനന്യനായ ദൈവത്തെ കൈക്കൊണ്ട് അവന്റെ കല്പനകളും ഉപദേശങ്ങളും ആളുകൾ വിശ്വസിക്കണം. ഇതിനു തടസമായി നില്ക്കുന്ന തെറ്റായ എല്ലാം വിട്ടുകളയണം. ദൈവവചനത്തെക്കാൾ ഉപരി മറ്റൊന്നും വിശ്വസിക്കരുത്. ക്രിസ്തുവിന്റെ വചനമാണ് ഇന്നു മനുഷ്യരെ ജീവിപ്പിക്കുന്നത്. ആ വചനം കേട്ടു വേണം ദൈവത്തിൽ വിശ്വസിക്കുവാൻ. കെട്ടുകഥകളോ, ഇതിഹാസങ്ങളോ, പുരാണങ്ങളോ ഒന്നും കേട്ടുകൊണ്ടാകരുത്. കാരണം അവയ്ക്കൊന്നും അടിസ്ഥാനമില്ല. വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു (റോമർ 10:17). ക്രിസ്തു ദൈവത്തിന്റെ പുത്രനായി വന്നു പാപികൾക്കുവേണ്ടി മരിച്ചു, അടക്കപ്പെട്ടു, ഉയിർത്തെഴുന്നേറ്റു എന്നും വിശ്വസിക്കണം. പാപങ്ങൾ ഉപേക്ഷിക്കണം. മനസ് ലോക പ്രകാരമുള്ള ജീവിതത്തിൽ നിന്നു ദൈവവഴിയിലേക്കു തിരിയണം. ദൈവം തന്റെ വചനത്തിൽ കല്പിച്ചിരിക്കുന്നതു മാത്രം അനുസരിക്കുമെന്ന് തീരുമാനിക്കുക. പിന്നീട് പാപമോചനത്തിനായി വെള്ളത്തിൽ മുങ്ങൽ സ്നാനവും ഏല്ക്കണം (പ്രവൃത്തികൾ 2:38).

സ്വർഗ്ഗത്തിലും ഭൂമിയിലും അവയുടെ നാഥനായ ദൈവം ജീവിക്കുന്നു എന്നു നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ അവനെ അനുസരിക്കണം. സത്യദൈവത്തിനു മാത്രമെ നമ്മെ രക്ഷിക്കുവാൻ കഴിയു. രക്ഷാമാർഗ്ഗം വെളിപ്പെടുത്തിയ ദൈവത്തിന്റെ രക്ഷ നിങ്ങൾക്കു ലഭിച്ചിട്ടുണ്ടോ? രക്ഷിക്കപ്പെടുവാൻ ദൈവം കല്പിച്ചിട്ടുള്ള പ്രമാണങ്ങൾ നിങ്ങൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇപ്പോഴാണ് അതിനുള്ള അവസരം. ഉടനെ അനുസരിച്ച് രക്ഷ പ്രാപിച്ച് കർത്താവിന്റെ സഭയിലേക്കുള്ള പ്രവേശനം ഉറപ്പു വരുത്തുക.

✶

## ഭയത്തെ അതിജീവിക്കൽ

**ഭയത്തിന്റെ തളർത്തുന്ന സ്വാധീനം**

"യഹോവാ ഭക്തി," ശലോമോൻ എഴുതി, "ജ്ഞാനത്തിന്റെ

ആരംഭമാകുന്നു" (സദൃശവാക്യങ്ങൾ 1:7). ഇതു ആരോഗ്യകരമായ ഭയമാണ്, ആദരവും ബഹുമാനവും രാജാവിനോടും അവന്റെ നീതിയോടും ന്യായവിധിയോടുമുള്ള ബഹുമാനത്തിന് "ദൈവത്തെ ഭയക്കുക" എന്നതു ബൈബിൾ സംബന്ധമായ ശുപാർശയാണ്; എന്നാൽ പൗലൊസ് എഴുതി, "അവരുടെ ദൃഷ്ടിയിൽ ദൈവഭയം ഇല്ല" വലിയ ശിക്ഷാവിധി അവനും പരിശുദ്ധാത്മാവും ഓർപ്പിച്ചിരിക്കുന്നു (റോമർ 3:18). വാസ്തവത്തിലുള്ള ദൈവഭയം ആരോഗ്യകരമാണ്. കാരണം അതു ഒരാളെ ശരിയായതു ചെയ്യാൻ പ്രേരിപ്പിക്കുന്നു.

എന്നാൽ മറ്റു ഭയങ്ങൾ അനാരോഗ്യകരമത്രേ. ഈ ഭയങ്ങൾ തളർത്തുകയും അവരെ ആത്മീയമായി ചലിക്കാതാക്കുകയും ചെയ്യും. മനുഷ്യവർഗ്ഗത്തിൽ ചില അംഗങ്ങളെ വലിയ ഭയത്താൽ മരവിപ്പിക്കും "അവരുടെ വഴികളിൽ" ഈ ആത്മീയ തളർച്ചക്കു കാരണം സാത്താൻ തന്നെയാണ്. എബ്രായലേഖകൻ പറയുന്നു "മരണ ഭയം" ആണ് ആളുകളെ ആയുഷ്കാലമൊ ക്കെയും അടിമത്വത്തിലാക്കുന്നത് (എബ്രായർ 2:18). അത്തരം ഭയം മനുഷ്യരുടെ മനസ്സിൽ വരികയും, അങ്ങനെ നാശകരമായി മനസ്സിനെ തിരിക്കയും ചെയ്യും. തന്റെ മക്കളുടെ മനസ്സിന്റെ–കേന്ദ്രശ്രദ്ധ മാറ്റുവാനാണ് യേശു വന്ന് ഭയത്താൽ ചലിക്കാൻ സാധ്യമല്ലാത്ത അവസ്ഥയിൽ നിന്നു ധൈര്യത്തോടെ വിജയിക്കുന്ന അവസ്ഥയിലേക്കു മാറ്റുന്നു. മനസ്സിന്റെ–ചിന്തയുമായി ബന്ധപ്പെട്ട ഇതിനെ സാങ്കേതികമായി മാനസാന്തരം എന്നു പറഞ്ഞിരിക്കുന്നു. മാനസാന്തരത്തെ മനസ്സിലാക്കി മാത്രമാണ് ദൈവത്തിന്റെ വിശുദ്ധൻ, എതിർപ്പിലേക്കു, കഷ്ടതയുടേയും, ഉപദ്രവത്തിന്റേയും മദ്ധ്യത്തിൽ സ്വതന്ത്രമായി സേവനയത്നം നടത്തുന്നത്

## തൊഴിലുടമയുടെ ഭയത്തിൽ നിന്നു സ്വാതന്ത്ര്യം

ഭയത്തെ അതിജീവിക്കാൻ വിശുദ്ധനു ദൈവം രൂപപ്പെടുത്തിയ ദൈവശ്വാസീയമാണ് പുതിയ നിയമത്തിലെ ചെറിയ പുസ്തകമായ പത്രൊസ്. "കഷ്ടപ്പെടുമ്പോഴും എങ്ങനെ സന്തോഷിക്കാം? നാം നേരിടുന്ന ഒരു ഭയം "തൊഴിലുടമയെ ഭയക്കുന്നതാണ്". "ദാസന്മാർക്ക്" പത്രൊസ് എഴുതി; ദാസന്മാർ, അല്ലെങ്കിൽ അടിമകൾ, അവരുടെ ജോലിസ്ഥലത്ത് അവർക്ക് കുറച്ചോ അല്ലെങ്കിൽ ഒട്ടുമോ നിയന്ത്രണം ഉണ്ടാവില്ല. ഏറ്റവും അധികമായി, പിന്നെ, ജോലീസാഹചര്യം അടിമത്വമാണ്; മറ്റു ജോലിക്കാർക്കെല്ലാം ദാസന്മാരേക്കാൾ നല്ല അന്തരീക്ഷമാണുള്ളത്. പ്രോത്സാ

ഹനവും നിർദ്ദേശവും ലഭിക്കുന്നതായി പത്രൊസ് എഴുതിയിരിക്കുന്നു.

"വേലക്കാരെ," അവൻ പറഞ്ഞു, "പൂർണ്ണഭയത്തോടെ യജമാനന്മാർക്കു, നല്ലവർക്കും ശാന്തന്മാർക്കും മാത്രമല്ല, മൂർഖന്മാർക്കും കൂടെ കീഴടങ്ങിയിരിപ്പിൻ" [1 പത്രൊസ് 2:18]. ചില യജമാനന്മാർക്ക് അല്ലെങ്കിൽ ചില തൊഴിലുടമകൾക്കു കീഴിൽ ജോലി ചെയ്യുന്നതു പ്രയാസമാണെന്നു ദൈവത്തിനറിയാം. എല്ലാ ക്രിസ്ത്യാനികളും സ്വതന്ത്രരാവും അല്ലെങ്കിൽ ജോലിക്കാരായ എല്ലാ ക്രിസ്ത്യാനികൾക്കും നല്ല തൊഴിലുടമ ലഭിക്കും എന്നും അവൻ ഉറപ്പ് നല്കിയിട്ടില്ല-ക്രിസ്തുവിന്റെ പ്രതിനിധിക്ക് അവൻ നല്കുന്നതു, തരം താഴ്ന്ന സാഹചര്യത്തിലും എങ്ങനെ കൈകാര്യം ചെയ്യണമെന്ന നിർദ്ദേശം നല്കിയിരിക്കയാണ്.

ചിലപ്പോൾ ക്രിസ്തീയ വേലക്കാരനോട് അവന്റെ മേലുദ്യോഗസ്ഥൻ മോശമായി പെരുമാറുകയും ചെയ്തു. ഈ സാഹചര്യത്തിൽ പത്രൊസ് പറയുന്നു അത്തരം യജമാനന്മാരോട് "ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദു:ഖവും സഹിച്ചാൽ അതു പ്രസാദമാകുന്നു" (1 പത്രൊസ് 2:19). അപ്പൊസ്തലൻ ആദ്യം മനസ്സാക്ഷിയിലേക്കു വിരൽ ചൂണ്ടുന്നു. അയാളുടെ അന്യായത്തിനു ക്രിസ്ത്യാനി ക്രിയാത്മകമായി പ്രതികരിച്ചില്ലെങ്കിൽ അവന്റെ മനസാക്ഷി അവനെ അലട്ടികൊണ്ടിരിക്കും. അതുകൊണ്ട് മനസ്സാക്ഷിയെ ശക്തിപ്പെടുത്തണം, മനോവീര്യം വർദ്ധിപ്പിക്കണം, സ്ത്രീയായാലും പുരുഷനായാലും ദൈവം പറഞ്ഞത് അറിയണം "നിങ്ങൾക്ക് അത് കൈകാര്യം ചെയ്യാൻ കഴിയും" ഒഴികഴിവോ ഒഴിഞ്ഞുമാറലോ ഇല്ല! "നിങ്ങൾ കുറ്റം ചെയ്തിട്ടു അടി കൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു?" ഒരു ക്രിസ്ത്യാനി പാപം ചെയ്തിട്ട് ശിക്ഷിക്കപ്പെട്ടാൽ, അയാൾക്കു അർഹമായതാണ് കിട്ടിയത്. "അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം" (1 പത്രൊസ് 2:20). രണ്ടാമത്തെ ക്രിയാത്മകമായ പോയിന്റ് അപ്പൊസ്തലൻ പറയുന്നതു എന്തെന്നാൽ അന്യായം സഹിക്കുന്നതിനായി കഷ്ടതയേറ്റാൽ അതിനു സ്വർഗ്ഗീയ പ്രതിഫലമുണ്ട്. സഹോദരനോ സഹോദരിയോ വെല്ലുവിളി നേരിടുമ്പോൾ ഇത് വിശ്വാസത്തെ വിസ്തൃതമാക്കും; ഭൗതികമായി പ്രതിഫലം അല്ല,

സ്വർഗ്ഗീയമായ പ്രതിഫലമാണ്. ക്രിസ്തുവിന്റെ അനുയായിക്കു ഈ ലോകജീവിതത്തിനു അപ്പുറം നോക്കുവാൻ വിശ്വാസമുണ്ടോ, സ്വർഗ്ഗീയ പ്രതിഫലങ്ങളിൽ ആവേശം കൊള്ളുവാൻ കഴിയുന്നുണ്ടോ? വീണ്ടും, ഇതിന് മനസ്സിന്റെ-ശ്രദ്ധ അത്യാവശ്യമാണ്, എന്നാൽ ക്രിസ്തുവിന്റെ ശിഷ്യൻ തന്റെ ചിന്ത മുകളിലേക്ക് ഉയർത്തുന്നു. യേശുവിന്റെ ഈ വാക്കുകൾ കഷ്ടപ്പെടുന്ന വിശുദ്ധനെ സഹായിക്കുവാൻ മുഴങ്ങി കേൾക്കുന്നു: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും. എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവു മാനിക്കും" (യോഹന്നാൻ 12:25,26)

ഭൂമി സൃഷ്ടിച്ചതിനും ഓരോ വ്യക്തിയെ സൃഷ്ടിച്ചതിനും ഓരോ സ്ഥാനത്താക്കിയതിനും വലിയവനായ ദൈവത്തിന്നു അവന്റേതായ ഉദ്ദേശങ്ങൾ ഉണ്ട്. തിരുവെഴുത്ത് സത്യസന്ധമായി പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. പുറമെയുള്ള സാഹചര്യം എന്തായാലും ക്രിസ്ത്യാനിയിൽ ക്രിസ്തുവിന്റെ വചനം കാണുവാൻ ദൈവം ആഗ്രഹിക്കുന്നു. "ഈ ഉദ്ദേശത്തിനായി നിങ്ങളെ വിളിച്ചിരിക്കുന്നു" പത്രൊസ് വിവരിച്ചിരിക്കുന്ന, യജമാനന്മാരുടെ കയ്യിൽ നിന്നു ദാസന്മാർ മോശമായ പെരുമാറ്റം ഏറ്റു വാങ്ങുന്നു. അവൻ കൂട്ടിച്ചേർക്കുന്നു, "ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടർവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു." (1 പത്രൊസ് 2:21). ഇതാ വീണ്ടും-കർത്താവും പത്രൊസും യേശുവിനെ പിന്തുടർവാൻ പറയുന്നു. എന്താണ് ആ മാതൃക? "ആരാണ് പാപം ചെയ്യാതിരിക്കുന്നത്" ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ മൃഗീയമായി മർദ്ദിക്കപ്പെട്ടെങ്കിലും അവർ പാപം ചെയ്തില്ല. ക്രിസ്തുവിന്റെ മാതൃക തുടർച്ചയായി പിന്തുടരുന്നതോ? മീൻ പിടിക്കുന്നവൻ - അപ്പൊസ്തലനായി തീർന്നവൻ പറഞ്ഞു, "അവൻ പാപം ചെയ്തിട്ടില്ല, അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ഇരുന്നു" (1 പത്രൊസ് 2:22,23).

✶

## ഉറവിടം കണ്ടെത്താൻ വെറും രണ്ടര മണിക്കൂർ

പ്രധാനമന്ത്രിക്കും രാഷ്ട്രപതിക്കും വധ ഭീഷണിയുണ്ടെന്ന ഇ-മെയിൽ സന്ദേശത്തിന്റെ ഉറവിടം കണ്ടെത്താൻ കേരള പൊലീസിന്റെ ഹൈ ടെക് ക്രൈം സെൽ എടുത്തതു വെറും രണ്ടര മണിക്കൂർ.

എന്നാൽ 3.15 നും 3.30നുമിടയിൽ അയയ്ക്കപ്പെട്ട സന്ദേശം ഡി.ജി.പി മുതൽ എസ്.പിമാർ വരെ കേരള പൊലീസിലെ 40 ഉന്നതർക്കു ലഭിച്ചിട്ടും കംപ്യൂട്ടറിലെ മെയിൽ ബോക്സ് ആദ്യമായി ഒരാൾ തുറക്കുന്നതു മുക്കാൽ മണിക്കൂറിനു ശേഷം.

പൊലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിരുന്ന വിലാസങ്ങളിലാണു സന്ദേശം അയച്ചത്. കണ്ണൂർ എസ്.പിയുടെ ശ്രദ്ധയിലാണു സന്ദേശം ആദ്യം പെട്ടത്.

✱

## പ്രകൃതിദുരന്ത മുന്നറിയിപ്പിനു മൊബൈൽ

പ്രകൃതിദുരന്തങ്ങളെക്കുറിച്ചു മൊബൈൽ ഫോൺവഴി സൗജന്യമായി വിവിധ ഭാഷകളിൽ സന്ദേശം നൽകുന്നതിനു സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിച്ച ജെനേവ നാച്ചുറൽ ഡിസാസ്റ്റർ ഇൻഫർമേഷൻ സിസ്റ്റം (ജെനേവ എൻ.ഡി.ഐ.എസ്.) ശാസ്ത്ര-സാങ്കേതിക മന്ത്രി കപിൽ സിബൽ പുറത്തിറക്കി. ജെനേവ കമ്പനിയാണ് ഈ സംവിധാനം വികസിപ്പിച്ചത്. ഇന്ത്യൻ കാലാവസ്ഥാ വകുപ്പു നൽകുന്ന മുന്നറിയിപ്പ് ജെനേവയുടെ സെർവറിലേക്ക് എത്തും. അതിൽനിന്നാണു വിവിധ ഭാഷകളിൽ മൊബൈൽ ഫോണുകളിലേക്കു സന്ദേശം പുറപ്പെടുന്നത്. പൊതു വയർലെസ് സംവിധാനങ്ങളിലേക്കും സന്ദേശമെത്തും. അതിനായി സന്ദേശങ്ങൾ ശബ്ദത്തിലാക്കുന്നതിനും സംവിധാനമുണ്ട്.

✱

## 30 ലക്ഷത്തിന്റെ കള്ളനോട്ടുമായി ചെന്നൈയിൽ മലയാളികൾ കുടുങ്ങി

കണ്ടെയ്നറിൽ ഒളിപ്പിച്ചു കടത്തിയ കള്ളനോട്ട്

സംസ്ഥാനത്തെ ഭൂമി, വാഹന ഇടപാടുകളിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന രഹസ്യാന്വേഷണ റിപ്പോർട്ടുകൾക്കു പിന്നാലെ ഇന്നലെ ചെന്നൈ രാജ്യാന്തര വിമാനത്താവളത്തിൽ മൂന്നു മലയാളികളിൽ നിന്ന് 30 ലക്ഷത്തിന്റെ കള്ളനോട്ട് പിടിച്ചു.

കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനത്തിൽ പലയിടത്തു നിന്നും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും കള്ളനോട്ടുകൾ പിടികൂടിയിരുന്ന വിവരം അറിഞ്ഞു തുടങ്ങുന്നതിനിടെയാണ്.

★

## മഴ കനത്തു; നഗരവും പരിസരവും വെള്ളപ്പൊക്ക ഭീഷണിയിൽ

മഴ കനത്തതോടെ നഗരവും പ്രാന്തപ്രദേശങ്ങളും വെള്ളപ്പൊക്ക ഭീഷണിയിലായി.

വെങ്ങാനൂരിൽ മുട്ടയ്ക്കാട്ട് മഴയിൽ വീടു തകർന്ന് ഒരാൾ മരിച്ചു. അടുക്കളയിൽ ചായ ഉണ്ടാക്കുമ്പോൾ ചുമർ തകർന്നു വീണാണു വീട്ടമ്മ മരിച്ചത്.

പുലയനാർകോട്ടയിൽ മംഗലത്തുകോണത്ത് ആക്കുളം ബോട്ട് ക്ലബ് ജീവനക്കാരി രമയുടെ വീട് മഴയിൽ തകർന്നുവീണു. ആളപായമില്ല. പുലയനാർകോട്ട ക്ഷയരോഗ ആശുപത്രി വളപ്പിലെ മതിൽ തകർന്നുവീണു. ആളപയാമില്ല. പുലയനാർകോട്ട ക്ഷയരോഗ ആശുപത്രി വളപ്പിലെ മതിൽ തകർന്നു വെള്ളമൊഴുകിയാണ് വീടു തകർന്നത്. സമീപത്തെ വൻമരവും വീടിനു ഭീഷണിയായതായി ചൂണ്ടിക്കാട്ടി രമ ആർ.ഡി.ഒയ്ക്കു പരാതി നൽകിയിട്ടുണ്ട്.

★

## വാർഷിക പദ്ധതികൾക്ക് അംഗീകാരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2006-07ലെ തിരുത്തിയ വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതി അന്തിമ അംഗീകാരം നൽകി. പ്രസിഡന്റ് ആനാവൂർ നാഗപ്പൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ബി.പി.മുരളി, കലക്ടർ, എൻ.അയ്യപ്പൻ പങ്കെടുത്തു.

★

## ഇടിമിന്നലിൽ ഗർഭിണിക്ക് ഷോക്കേറ്റു

ചാർജ് ചെയ്യാൻ വച്ചിരുന്ന മൊബൈൽ ഫോണിനു സമീപം ഇരിക്കുമ്പോൾ ഇടിമിന്നലിൽ ഗർഭിണിക്കു ഷോക്കേറ്റു.

വ്യാഴാഴ്ച വെള്ളറടയിലായിരുന്നു സംഭവം. കോട്ടയിൽ വീട്ടിൽ സച്ചിദാനന്ദന്റെ ഭാര്യ അനുമോൾ (26)ക്കാണു ഷോക്കേറ്റത്.

വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രാഥമിക ചികിത്സ നൽകിയശേഷം ഇവരെ തൈക്കാട് ഗവ.ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അനുമോൾ എട്ടുമാസം ഗർഭിണിയാണ്.

✶

## പ്രവേശനമായില്ല; വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിൽ

റീ അലോട്ട്മെന്റ് പ്രകാരം ഇന്നലെയും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളജുകളിൽ പ്രവേശനം നൽകാതിരുന്നത് ഒട്ടേറെ വിദ്യാർഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കി. സ്വകാര്യ സ്വാശ്രയ കോളജുകളിൽ സർക്കാർ ക്വോട്ടയിൽ ഒഴിവുണ്ടായിരുന്ന 16 എം. ബി.ബി.എസ്. സീറ്റിൽ പതിമ്മൂന്നിലും കോളജ് മാനേജ്മെന്റ് തന്നെ നേരത്തെ നിയമനം നടത്തിയിരുന്നു.

✶

## അസമയത്ത് വിദ്യാർഥിനികളെ വഴിയിലിറക്കി; കണ്ടക്ടർക്ക് സസ്പെൻഷൻ

അസമയത്ത് വിദ്യാർഥിനികളെ പെരുവഴിയിലിറക്കിവിട്ട കെ. എസ്.ആർ.ടി.സി.കണ്ടക്ടറെ സസ്പെൻഡ് ചെയ്തു.

സുൽത്താൻ ബത്തേരിയിൽനിന്ന് കോട്ടയത്തേക്കുവന്ന സൂപ്പർ ഫാസ്റ്റ് ബസിൽ രാത്രി ഒന്നരയ്ക്ക് തൃശൂർ സ്റ്റാൻഡിൽ നിന്ന് ചാലക്കുടിക്കു കയറിയ സേലം ഷൺമുഖം കോളജിലെ നഴ്സിങ് വിദ്യാർഥിനികളെ വെളുപ്പിന് 2.45 ന് ചാലക്കുടി സ്റ്റേഷനിൽ ഇറക്കുന്നതിനു പകരം വാഹനം ബസ് സ്റ്റാൻഡിൽ പോകുകയില്ലെന്നു പറഞ്ഞ് ഒരു കിലോമീറ്ററോളം അകലെ ഹൈവേയിൽ ഇറക്കി വിട്ടതാണ് സംഭവം. വിദ്യാർഥിനികളുടെ പരാതിയിന്മേൽ നടത്തിയ അന്വേഷണത്തിൽ കുറ്റക്കാരനെന്നു കണ്ട സുൽത്താൻ ബത്തേരിയിലെ

കണ്ടക്ടർ വി.കൃഷ്ണദാസിനെ ആണ് സസ്പെൻഡ് ചെയ്തത്.

✶

## അടിസ്ഥാന സൗകര്യ വികസനത്തിന് 22,500 കോടിയുടെ നിധി

ഇന്ത്യയിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കാൻ 500 കോടി ഡോളർ (ഏകദേശം 22,500 കോടി രൂപ) വരുന്ന ഫണ്ട് ഏർപ്പെടുത്താൻ ഇന്ത്യയിലെയും അമേരിക്കയിലെയും കമ്പനി മേധാവികളുടെ ഫോറം തീരുമാനിച്ചു. സർക്കാരിന്റെ ഏറ്റവും കുറഞ്ഞ പങ്കാളിത്തമേ നൽകാവൂ എന്ന വ്യവസ്ഥയിലാണു നിധി രൂപീകരിച്ചത്. ഇത് 10 ശതമാനം വരെയാകാമെന്നു വാണിജ്യ മന്ത്രി കമൽനാഥ് പറഞ്ഞു. ഇതിന്റെ രൂപരേഖ തയാറാകും. വിദേശ സ്ഥാപനങ്ങൾക്കു ചില്ലറ വ്യാപാരമേഖല ഇതുവരെ തുറന്നുകൊടുത്തിട്ടില്ലെങ്കിലും പഴവും പച്ചക്കറിയും മറ്റും കേടാകാതെ സൂക്ഷിക്കാനുള്ള ശീതസംഭരണികൾ അവർക്കു തുടങ്ങാനാവും. അമേരിക്കൻ കമ്പനിയായ വാൾമാൾട്ട് ഇതിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ലോക വ്യാപാര സംഘടനയിലെ അംഗരാജ്യങ്ങൾ തമ്മിൽ യോജിപ്പുണ്ടാകാതെ വന്നതോടെ മുടങ്ങിയ ചർച്ച പുനരാരംഭിക്കാൻ ഇന്ത്യയും യു. എസും താമസിയാതെ കൂടിയാലോചന നടത്തും.

✶

## കടൽക്ഷോഭം

പ്രകൃതിക്ഷോഭങ്ങൾ തീരവാസികളിൽ ഏൽപ്പിക്കുന്ന ആഘാതത്തെ ചെറുത്തു നിർത്താൻ വനംവകുപ്പും മത്സ്യബന്ധന വകുപ്പും ചേർന്നു തീരവനം പദ്ധതിക്കു രൂപം നൽകുന്നു. കാസർകോട് മുതൽ തിരുവനന്തപുരം വരെ ഒൻപതു കടലോര ജില്ലകളിലെ 590 കി.മീറ്റർ തീരപ്രദേശത്ത് ജൈവവേലി സൃഷ്ടിച്ചു കടലാക്രമണങ്ങളിൽനിന്നും കൊടുങ്കാറ്റിൽ നിന്നും സംരക്ഷണം തേടുന്നതാണ് പദ്ധതി.

✶

## HEAR THE VOICE OF TRUTH ON RADIO

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 November**
**Price of single copy: Rs.4/-**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08
Licensed to post without prepayment No. Tech/62-2 TV(N) 40/2006

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35
**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To